## പന്ത്രണ്ടാം കേരള നിയമസഭ
## 17 – ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.31 — 08.02.2011 – ൽ മറുപടിയ്ക്ക്

### ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം ഉമ്മർ<br>ശ്രീ. പി കെ അബ്ദുറബ്ബ്<br>ശ്രീ. സി ടി അഹമ്മദ് അലി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടാത്താണി | ശ്രീ. പാലൊളി മുഹമ്മദ്കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| എ. ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുവാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ | എ. ദരിദ്ര വിഭാഗങ്ങളായി പരിഗണിയ്ക്കാൻ അർഹതയില്ലാത്ത അനുബന്ധം I - ൽ സൂചിപ്പിച്ചിരിക്കുന്ന കുടുംബങ്ങളെ ഒഴിവാക്കിയശേഷം ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി. ഈ പട്ടികയിൽ നിന്നും അനുബന്ധം II - ൽ സൂചിപ്പിച്ചിരിക്കുന്ന കുടുംബത്തിന്റെ ശേഷിക്കുറവിനെ ആധാരമാക്കിയുള്ള ഒമ്പത് സൂചകങ്ങൾക്ക് ലഭിക്കുന്ന മാർക്കിന്റെയും ഉടമസ്ഥാവകാശങ്ങളെ ആധാരമാക്കിയുള്ള ആറ് സൂചകങ്ങൾക്ക് ലഭിക്കുന്ന മാർക്കിന്റേയും അടിസ്ഥാനത്തിൽ ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുക എന്നതായിരുന്നു മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. നഗരപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു. |
| ബി. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ ഗൈഡ് ലൈൻ എന്തെങ്കിലും നൽകിയിരുന്നോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ; | ബി. നൽകിയിരുന്നു 2002 - ൽ ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്രഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിരുന്നു. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസ്സസ്സിലൂടെ കണ്ടെത്തേണ്ട പാവപ്പെട്ട കുടുംബങ്ങളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999 - 2000 - ൽ തിട്ടപ്പെടുത്തിയിരുന്നു. ബി.പി.എൽ കുടുംബങ്ങളുടെ എണ്ണം ഈ സംഖ്യയിൽ കൂടാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരുന്നു. കേരളത്തിൽ ഇത് 10.25 ലക്ഷമായി പരിമിതപ്പെടുത്തണമായിരുന്നു. ഈ കുടുംബങ്ങളെ കണ്ടെത്തുന്നതിനു മാനദണ്ഡങ്ങളും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇത് അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| സി. | ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി സർവ്വേ നത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യമെന്നു വ്യക്തമാക്കുമോ; | സി. | സർവ്വേ നടത്തിയിരുന്നു. ഇപ്പോൾ പ്രസിദ്ധീകരിച്ച ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നിനായി 2009 ൽ സർവ്വേ നടത്തിയിരുന്നു. എന്നാൽ അതിന് മുമ്പ് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 2003-ൽ ഒരു സർവ്വേ ഗ്രാമപ്രദേശങ്ങളിൽ നടത്തിയിരുന്നു. |
| ഡി. | ഒന്നിലേറെ സർവ്വേകൾ ആവശ്യമായിത്തീർത്ത സാഹചര്യം വിശദമാക്കുമോ; നിലവിലെ ലിസ്റ്റിൽ നിന്നും എത്ര ശതമാനം വർദ്ധനയാണ് പുതിയ ലിസ്റ്റ് പ്രകാരം വന്നിട്ടുള്ളത്; | ഡി. | 2002-ൽ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2003 ഏപ്രിൽ-ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് ദാരിദ്ര്യരേഖാ സെൻസ്സസ് നടത്തിയിരുന്നു. അന്തിമ ബി.പി.എൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ പാടില്ലെന്ന് ബഹു:സുപ്രീം കോടതി ഉത്തരവായിരുന്നു. ഇതേത്തുടർന്ന് തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. 2005-ൽ ബഹു:സുപ്രീം കോടതിയുടെ തടസ്സം നീങ്ങിയിരുന്നെങ്കിലും തുടർ നടപടികൾ ഒന്നും സ്വീകരിച്ചിരുന്നില്ല. ഈ ലിസ്റ്റിനെ സംബന്ധിച്ചും നിരവധി പരാതികൾ ഉയർന്നിരുന്നു. 2007 ലാണ് വിട്ടുപോയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനായി ദാരിദ്ര്യരേഖാ സെൻസ്സസിലൂടെ ശേഖരിച്ച വിവരങ്ങൾ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ സാധുതാ പരിശോധനയ്ക്ക് വിധേയമാക്കിയത്. കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ 2008 സെപ്തംബർ-ഒക്ടോബർ മാസങ്ങളിൽ കരട് ദാരിദ്ര്യരേഖാ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അർഹരായവർ വിട്ടു പോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിന് അവസരം നൽകുകയും ചെയ്തു. പക്ഷേ നിർഭാഗ്യവശാൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പട്ടികയിലെ ബി.പി.എൽ കുടുംബങ്ങളുടെ എണ്ണം ഉയർന്നതായിരുന്നു. ഈ ലിസ്റ്റ് അംഗീകരിയ്ക്കാൻ പറ്റാത്ത സാഹചര്യത്തിലാണ് 2009-ൽ വീണ്ടും സർവ്വേ നടത്തേണ്ടി വന്നത്. 1998-ൽ നടന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗ്രാമപ്രദേശങ്ങളിലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത് 36.56 ശതമാനം കുടുംബങ്ങളാണ്. ഇപ്പോൾ പ്രസിദ്ധീകരിച്ച ഗ്രാമപ്രദേശങ്ങളിലെ ലിസ്റ്റിൽ 43.38 ശതമാനം കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പുതിയ സർവ്വേ ലിസ്റ്റിൽ കഴിഞ്ഞ സർവ്വേ ലിസ്റ്റിനെക്കാൾ 6.82 ശതമാനം കുടുംബങ്ങൾ കൂടുതലായി ഉൾപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| **ഇ.** | ഇപ്പോൾ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള ലിസ്റ്റ് കുറ്റമറ്റതാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ കാര്യങ്ങൾ വിശദമാക്കുമോ; | **ഇ.** | കുറ്റമറ്റ രീതിയിൽ ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. സർവ്വേ നടത്തുന്നതിന് ചിട്ടയായ പരിശീലനം നൽകിയിരുന്നു. സർവ്വേ നടത്തി ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തു. ഇതിൽ നിന്നാണ് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അനർഹരെ പൂർണ്ണമായി ഒഴിവാക്കിയും അർഹരായവരെ പൂർണ്ണമായും ഉൾക്കൊള്ളിച്ചു കൊണ്ടും ലിസ്റ്റ് തയ്യാറാക്കാനാണ് നടപടി കൈക്കൊണ്ടത്. |
| **എഫ്.** | ഈ ലിസ്റ്റിൻമേൽ ഉണ്ടായേക്കാവുന്ന പരാതികൾ പരിശോധിക്കുന്നതിനും, പരിഹരിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാം എന്ന് വിശദമാക്കുമോ? | **എഫ്.** | ആക്ഷേപങ്ങളും പരാതികളും പരിശോധിയ്ക്കു തിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബം പിന്നീടുള്ള പരിശോധനയിൽ അനർഹനാണെന്ന പരാതി ലഭിക്കുകയാണെങ്കിൽ അത്തരം കുടുംബങ്ങളെ കാരണം രേഖപ്പെടുത്തി ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടേയും/ നഗരസഭകളുടേയും അധികാരപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അർഹതയുള്ളവർ ഉൾപ്പെട്ടിട്ടില്ലെന്ന പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തി അവരേക്കൂടി ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

### ദരിദ്ര കുടുംബങ്ങളായി പരിഗണിയ്ക്കാൻ അർഹതയില്ലാത്ത കുടുംബങ്ങളെ ഒഴിവാക്കുന്നതിന് മാനദണ്ഡങ്ങൾ

(1) സർക്കാർ ജീവനക്കാർ ഉള്ള കുടുംബം.
(ക്ലാസ്സ് 1 മുതൽ ക്ലാസ്സ് IV വരെ)

(2) സ്വകാര്യ /അർദ്ധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം.

(3) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം.

(4) സർക്കാർ /സർവ്വീസ് പെൻഷണർമാർ ഉള്ള കുടുംബം.

(5) അർദ്ധ സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിയ്ക്കുന്നവർ ഉള്ള കുടുംബം.

(6) സഹകരണ സ്ഥാപനങ്ങളിലെ പെൻഷണർമാർ ഉള്ള കുടുംബം.

(7) പൊതുമേഖല/ പ്രൈവറ്റ് സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ഉള്ള കുടുംബങ്ങൾ (പരമ്പരാഗത തൊഴിൽ മേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒഴികെ)

(8) 1000 ച.അ അധികം വിസ്തീർണ്ണമുള്ള കോൺക്രീറ്റ് വീട് ഉടമസ്ഥാവകാശത്തിലുള്ള കുടുമബം.

(9) സ്വകാര്യ ഉപയോഗത്തിനുള്ള 4 ചക്ര മോട്ടോർ വാഹനം ഉടമസ്ഥതയിലുള്ള കുടുംബം.

(10) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ഉള്ള കുടുംബം.

(11) പട്ടിക വർഗ്ഗക്കാരൊഴികെ ഒരേക്കറിൽ അധികം കാർഷിക ഭൂമി കൈവശത്തിലുള്ള കുടുംബം.

അനുബന്ധം – II

ദാരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള

സൂചകങ്ങളും – അവയുടെ വെയിറ്റേജും

| ക്രമ നം. | സൂചകങ്ങൾ | വെയിറ്റേജ് മാർക്ക് | റിമാർക്സ് |
|---|---|---|---|
| എ. ശേഷിക്കുറവിനെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ | | | |
| 1. | സ്ത്രീ ഗൃഹനാഥയായ കുടുംബം | 05 | |
| 2. | അവിവാഹിതയായ അമ്മ/ഉപേക്ഷിക്കപ്പെട്ട സ്ത്രീ/വിധവ | 05 | |
| 3. | മാരകമായ രോഗങ്ങൾ- കാൻസർ, വൃക്കകളുടെ തകരാറ്, പക്ഷാഘാതം, എയിഡ്സ്, സ്ഥിരമായ കുഷ്ഠം, ഹൃദ്രോഗം, എന്നിവ | 05 | |
| 4. | സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ, സ്വകാര്യ മേഖലയിലോ, സ്ഥിര വരുമാനമുള്ള തൊഴിൽ ഇല്ലാത്തവർ | 05 | |
| 5. | സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ചവർ (20 വയസ്സിൽ താഴെ) | 05 | |
| 6. | വൃദ്ധർ (65 വയസ്സിനു മുകളിൽ) | 05 | |
| 7. | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ | 10 | |
| 8. | പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ/മുഖ്യതൊഴിൽ അനുസരിച്ച് പ്രത്യേക പരിഗണന നൽകുന്ന കുടുംബങ്ങൾ<br><br>1. കൂലിവേല<br>2. പട്ടികജാതി<br>3. കർഷക തൊഴിലാളി<br>4. പരമ്പരാഗത മിൻപിടുത്തക്കാർ<br>5. പട്ടികവർഗം<br>6. കെട്ടിട നിർമ്മാണപണി സഹായി<br>7. മത്സ്യവ്യാപരവുമായി ബന്ധപ്പെട്ടവർ<br>8. ഹോട്ടൽ തൊഴിലാളികൾ<br>9. ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ<br>10. തയ്യൽക്കട/തയ്യൽജോലി/എംബ്രോയിഡറി<br>11. കയർ തൊഴിലാളി<br>12. ചുമട്ടുതൊഴിലാളി<br>13. വർക്ക്ഷോപ്പ് തൊഴിലാളികൾ<br>14. തട്ടുകട/പെട്ടിക്കട നടത്തുന്നവർ<br>15. തോട്ടം തൊഴിലാളി<br>16. അന്യഗൃഹങ്ങളിൽ വീട്ടുജോലി<br>17. കശുവണ്ടി തൊഴിലാളി<br>18. സ്വർണ്ണപ്പണിക്കാർ<br>19. ബീഡി തൊഴിലാളി<br>20. തെങ്ങ്/പന കയറ്റ തൊഴിലാളി<br>21. ബാർബർ<br>22. ഇരുമ്പു പണിക്കാർ (കൊല്ലപ്പണി)<br>23. നെയ്ത്ത്<br>24. പച്ചക്കറി കച്ചവടം<br>25. ഭക്ഷ്യേതര വസ്തുക്കൾ കൊണ്ടുനടന്ന് വിൽക്കുന്നവർ<br>26. ലോട്ടറി ടിക്കറ്റ് വില്പന<br>27. മത്സ്യ സംസ്കരണശാലകളിൽ ജോലി ചെയ്യുന്നവർ<br>28. വഴിയോര വാണിഭക്കാർ<br>29. കരകൗശല തൊഴിലാളി<br>30. മൺപാത്ര നിർമ്മാണം<br>31. ഈറ, മുള, പനമ്പ് പണിക്കാർ<br>32. അലക്കുകാർ | 10 | എതെങ്കിലും ഒരു വിഭാഗം |
| 9. | ആശ്രയ ഗുണഭോക്താവ് | 05 | |
| | ആകെ (എ) | 55 | |

| ബി. ഉടമസ്ഥാവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ | | | |
|---|---|---|---|
| 1. | വീട് വയ്ക്കുന്നതിന് ഭൂമിയില്ല | 10 | രണ്ടിൽ എതെങ്കിലും ഒന്നു മാത്രം ബാധകം |
| 2. | പുറമ്പോക്കിൽ താമസിക്കുന്നവർ | 20 | |
| 3. | വീടിന്റെ സ്ഥിതി | | |
| | എ. വീടില്ല | 10 | എതെങ്കിലും ഒന്നു മാത്രം ബാധകം |
| | ബി. കുടിൽ | 07 | |
| | സി. ഓല/പുല്ല് മേഞ്ഞത് | 05 | |
| | ഡി. ഭാഗികമായി പൂർത്തിയായത്/ ജീർണ്ണിച്ചത് | 03 | |
| 4. | സുരക്ഷിതമായ കക്കൂസില്ല | 05 | |
| 5. | 500 മീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമല്ല / കുന്നിൻ പ്രദേശങ്ങളിൽ 100 മീറ്ററിനുള്ളിൽ ലഭ്യമല്ല | 05 | |
| 6. | വൈദ്യുതി ലഭ്യമല്ല | 05 | |
| | ആകെ (ബി) | 45 | |
| | ആകെ (എ+ബി) | 100 | |

- ദാരിദ്ര്യ സൂചകത്തിന്റെ ഉപസൂചകങ്ങളിൽ ബാധകമായ ഒരു സൂചകം മാത്രമേ പരിഗണിക്കുകയുള്ളു.
- എ. വിഭാഗത്തിലെ 2,3,4,5,6,7 എന്നീ സൂചകങ്ങൾ ബാധിതമായ വ്യക്തികൾ ഒരു കുടുംബത്തിൽ ഒന്നിലധികമുണ്ടെങ്കിൽ ഒരോരുത്തർക്കും 5 മാർക്ക് വീതം നൽകുന്നതാണ് (കുടുംബത്തിന്റെ ആകെ മാർക്ക് 100 കവിഞ്ഞാലും ഇപ്രകാരം മാർക്ക് നൽകും).
- ഒന്നിലധികം കുടുംബങ്ങൾക്ക് ഒരേ മാർക്ക് ലഭിക്കുകയാണെങ്കിൽ മുൻഗണന നിശ്ചയിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡം ഉപയോഗിക്കാവുന്നതാണ്.

  (1) പട്ടിക വർഗ്ഗ വിഭാഗം

  (2) പട്ടിക ജാതി വിഭാഗം

  (3) പുറമ്പോക്കിൽ വസിക്കുന്നവർ

  (4) അവിവാഹിതയായ അമ്മ /ഉപേക്ഷിക്കപ്പെട്ട സ്ത്രീ/ വിധവ എന്നിവർ ഉൾപ്പെട്ട കുടുംബം

  (5) മാരകമായ രോഗം ബാധിച്ച വ്യക്തി / വ്യക്തികൾ ഉള്ള കുടുംബം

  (6) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തി/ വ്യക്തികൾ ഉള്ള കുടുംബം

  (7) 65 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തി/ കൾ ഉള്ള കുടുംബം

(8) പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ

ഈ മാനദണ്ഡങ്ങളെല്ലാം ഉപയോഗിച്ചിട്ടും തുല്യമാർക്ക് ലഭിക്കുകയാണെങ്കിൽ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ (കൂടുതലുള്ളവർക്ക് മുന്തിയ പരിഗണന) മുൻഗണന നിശ്ചയിക്കാവുന്നതാണ്.

# കേന്ദ്രം നിർദ്ദേശിച്ച മാനദണ്ഡങ്ങൾ

1. കൈവശമുള്ള ഭൂമിയുടെ അളവ്
2. വീട്
3. വസ്ത്രങ്ങളുടെ ലഭ്യത (രണ്ടിൽ താഴെ, നാലിൽ താഴെ)
4. ഭക്ഷ്യ ലഭ്യത (ഒരു നേരം പോലും ഭക്ഷണം ഇല്ല, ഒരു ദിവസം ഒരു നേരമെങ്കിലും ഭക്ഷണം)
5. വൃത്തിയുള്ള കക്കൂസ്
6. ഗൃഹോപകരണങ്ങളുടെ ഉടമസ്ഥത (ടിവി, ഫാൻ, പ്രഷർ കുക്കർ തുടങ്ങിയവ)
7. സാക്ഷരതാ നിലവാരം (നിരക്ഷരൻ, പ്രൈമറി തലം)
8. തൊഴിൽ നിലവാരം (അടിമവേല, ബാലവേല, സ്ത്രീവേല)
9. ഉപജീവന മാർഗ്ഗങ്ങൾ (കൂലിവേല, ഉപജീവനത്തിന് വേണ്ടിയുള്ള കൃഷി)
10. കുട്ടികളുടെ സ്ഥിതി (സ്കൂളിൽ പോകാതെ ജോലി ചെയ്യുന്നു, സ്കൂളിൽ പോകുകയും ജോലി ചെയ്യുകയും ചെയ്യുന്നു)
11. കടബാധ്യത
12. കുടുംബത്തിൽ നിന്ന് അകന്നുള്ള ജീവിതം (കൂലിവേല, സീസണലായുള്ള ജോലി)
13. കുടുംബത്തിന് ലഭിക്കേണ്ട സഹായം സംബന്ധിച്ച ആഗ്രഹം.

അനുബന്ധം ~~III~~ IV

## നഗര പ്രദേശങ്ങളിലേയും ഗ്രാമ പ്രദേശങ്ങളിലേയും ദരിദ്ര്യ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ

1. നഗരപ്രദേശങ്ങൾ- നഗര പ്രദേശങ്ങളിൽ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് സാധ്യതയുള്ള കുടുംബങ്ങളുടെ പട്ടികയിൽപ്പെട്ട എല്ലാ കുടുംബങ്ങളേയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി.

2. ഗ്രാമപ്രദേശങ്ങൾ

(i) ഗ്രാമപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് സാധ്യതയുള്ള കുടുംബങ്ങളുടെ പട്ടികയിലെ എല്ലാ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളെയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി.

(ii) ഗ്രാമപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് സാധ്യതയുള്ള പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ അല്ലാതെയുള്ള കുടുംബങ്ങളുടെ കാര്യത്തിൽ കുറഞ്ഞത് 16 മാർക്കോ അതിലധികമോ ലഭിക്കുന്ന കുടുംബങ്ങളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തി.

(iii) മേൽ (i), (ii) മാനദണ്ഡങ്ങൾ പ്രകാരം ദാരിദ്ര്യ രേഖാ പട്ടിക തയ്യാറാക്കുമ്പോൾ, ദരിദ്ര കുടുംബങ്ങളുടെ ശതമാനം ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണത്തിന്റെ 25% - ൽ താഴെ വരുകയാണെങ്കിൽ അത്തരം ഗ്രാമപഞ്ചായത്തുകളിലെ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്ന കുടുംബങ്ങളുടെ എണ്ണം, പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ 25 ശതമാനമോ അല്ലെങ്കിൽ ദരിദ്രകുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് സാദ്ധ്യതയുള്ള കുടുംബങ്ങളുടെ എണ്ണമോ അതിൽ ഏതാണോ കുറവ് എന്ന കണക്കിൽ നിജപ്പെടുത്തിയാണ് ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 08.02.2011 ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നമ്പർ.32

മദ്രസാ അദ്ധ്യാപകക്ഷേമ നിധിയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.സി.രാമൻ:<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി:<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്:<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മദ്രസാ അദ്ധ്യാപക ക്ഷേമനിധിയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അദ്ധ്യാപകർക്കും മാനേജ്മെന്റിനും അധികഭാരം ഉണ്ടാക്കുന്ന ക്ഷേമപദ്ധതിയുടെ അപ്രായോഗികതയെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | പലിശ രഹിത സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | തമിഴ്നാട്ടിൽ മദ്രസാ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി രൂപപ്പെടുത്തി നടപ്പാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ അത് പരിശോധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 33 | 08/02/2011-ൽ മറുപടിക്ക്

### ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു .എം. പാലിശ്ശേരി.<br>ശ്രീ.അൽഫോൺസ് കണ്ണന്താനം.<br>ശ്രീ.എം.ഹംസ.<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) പോലീസ് വകുപ്പിൽ ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) പോലീസ് വകുപ്പിൽ ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br>ട്രാഫിക് സുരക്ഷയുമായി ബന്ധപ്പെട്ട് നിയമങ്ങൾ നടപ്പാക്കുന്നതിലേക്കും, മെച്ചപ്പെട്ട ട്രാഫിക് സംവിധാനം ഉറപ്പാക്കുന്നതിലേയ്ക്കുമായി പോലീസ് ഇൻസ്പെക്ടർ ജനറൽ ട്രാഫിക് തസ്തിക സൃഷ്ടിച്ച് പ്രവർത്തനം നടത്തി വരുന്നു. ഈ തസ്തിക പിന്നീട് പോലീസ് ഇൻസ്പെക്ടർ ജനറൽ (ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ്) എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ട്രാഫിക് സേഫ്റ്റി വിംഗിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉത്തരമേഖലയിലും, ദക്ഷിണ മേഖലയിലും ഓരോ പോലീസ് സൂപ്രണ്ടിന്റെ (Non IPS) തസ്തിക 04.02.2011-ലെ GO (MS)No.26/2011/ Home പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ട്രാഫിക് |

പോലീസുദ്യോഗസ്ഥരെ ട്രാഫിക് നിയന്ത്രണത്തിൽ സഹായിക്കുന്നതിലേയ്ക്കായി 1853 ഹോം ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്.

ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, റോഡ് സുരക്ഷാ പ്രവൃത്തികൾ (കേരളാ റോഡ് സേഫ്റ്റി അതോറിററി അനുവദിച്ച തുക വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ), പോലീസ് ആധുനികവൽക്കരണ പദ്ധതി, പ്ലാൻ സ്കീം എന്നിവയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കാർ രൂപീകരിച്ച റോഡ് സേഫ്റ്റി അതോറിറ്റി പോലീസ് ഡിപ്പാർട്ട്മെന്റിന് അനുവദിച്ച 355 ലക്ഷം രൂപ വിനിയോഗിച്ച് സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, സ്പീഡ് റഡാറുകൾ, ആൽക്കോമീറ്ററുകൾ, റിഫ്ളക്ടീവ് ബാറ്റണുകൾ, റിഫ്ളക്ടീവ് ജാക്കറ്റുകൾ, സർച്ച് ലൈറ്റുകൾ ട്രാഫിക് കോണുകൾ എന്നിവയും വാങ്ങി എല്ലാ ജില്ലകളിലും വിതരണം ചെയ്യുകയും അവരുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു.

പോലീസ് ആധുനികവൽക്കരണ പദ്ധതി (MOPF) പ്രകാരം 2005-06 മുതൽ 2010-11 വരെ വിവിധ ട്രാഫിക് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി ആകെ 4,56,86,429 രൂപ വിനിയോഗിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ട്രാഫിക് നിയന്ത്രണത്തിനായി എത്ര പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്; ഇവരെ സഹായിക്കുന്നതിനായി എത്ര ഹോംഗാർഡുകളെ നിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) | ട്രാഫിക് നിയന്ത്രണങ്ങൾക്കും, ട്രാഫിക് കേസുകളുടെ അന്വേഷണങ്ങൾ നടത്തുന്നതിനുമായി സംസ്ഥാനത്ത് 9 ട്രാഫിക് പോലീസ് സ്റ്റേഷനുകളും, 43 ട്രാഫിക് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ട്രാഫിക് നിയന്ത്രണത്തിനായി 2414 പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ഇവരെ സഹായിക്കുന്നതിനായി 1853 ഹോം ഗാർഡുകളെയും നിയോഗിച്ചിട്ടുണ്ട്. |
| സി) | വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ട്രാഫിക് പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കുമോ; | സി) | വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ട്രാഫിക് പോലീസുദ്യോഗസ്ഥരുടെ എണ്ണത്തിലും ആനുപാതികമായ വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്. ട്രാഫിക് വിഭാഗത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്ക് Budget Speech -ൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം പോലീസ് ആസ്ഥാനത്ത് നിന്നും ട്രാഫിക് ട്രൂപ്പേഴ്സ് എന്ന പേരിൽ ഒരു സ്പെഷ്യലിസ്റ്റ് ട്രാഫിക് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.<br>ഇതുകൂടാതെ പുതുതായി ട്രാഫിക് യൂണിറ്റുകൾ ആരംഭിക്കുന്നതിനും, ട്രാഫിക് യൂണിറ്റുകളിൽ തസ്തികകൾ വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രൊപ്പോസലുകളും പരിശോധിച്ചു വരുന്നു.<br>ട്രാഫിക് സേഫ്റ്റി വിംഗിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉത്തര മേഖലയിലും, ദക്ഷിണ |

മേഖലയിലും ഓരോ പോലീസ് സൂപ്രണ്ടിന്റെ (Non IPS) തസ്തിക 04.02.2011-ലെ GO(MS)No.26/2011/Home പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഡി) ട്രാഫിക് കുറ്റകൃത്യങ്ങളുടെ പേരിൽ ഈ വർഷം ഇതുവരെ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

ഡി) ട്രാഫിക് കുറ്റകൃത്യങ്ങളുടെ പേരിൽ 2010, 2011 (31.01.2011 വരെ) വർഷങ്ങളിൽ നടപടി സ്വീകരിച്ചവരുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

| 2010 | | | 2011 ജനുവരി മാസം | | |
|---|---|---|---|---|---|
| പിഴ ചുമത്തിയവരുടെ എണ്ണം | കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം | മറ്റ് നടപടികൾ സ്വീകരിച്ചിട്ടുള്ള വരുടെ എണ്ണം | പിഴ ചുമത്തിയവരുടെ എണ്ണം | കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം | മറ്റ് നടപടികൾ സ്വീകരിച്ചിട്ടുള്ള വരുടെ എണ്ണം |
| 2370534 | 235061 | 190795 | 193601 | 19646 | 3660 |

ഇ) ട്രാഫിക് നിയമലംഘനം കണ്ടുപിടിക്കുന്നതിന് നിരീക്ഷണ ക്യാമറകളും മറ്റു ശാസ്ത്രീയ മാർഗ്ഗങ്ങളും അവലംബിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ഇ) ട്രാഫിക് നിയമലംഘനം കണ്ടുപിടിക്കുന്നതിന് തിരുവനന്തപുരത്ത് 12 ഉം, കൊച്ചിയിൽ 15 ഉം, കോഴിക്കോട് 3 ഉം, നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ 15 നിരീക്ഷണ ക്യാമറകൾ കൂടി സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഇതു കൂടാതെ സ്പീഡ് റഡാറുകൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവയും ഉപയോഗിച്ച് വരുന്നു.

| | | | |
|---|---|---|---|
| എഫ്) | കൂടുതൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും ട്രാഫിക് ചിഹ്നങ്ങളും ട്രാഫിക് മുന്നറിയിപ്പുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും പൊതുമരാമത്തു വകുപ്പുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | എഫ്) | ട്രാഫിക് ലൈറ്റുകൾ, വേഗപരിധി ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. അപകടമേഖലകളിൽ ഇത്തരത്തിലുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരളനിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.34 08.02.2011-ൽ മറുപടിക്ക്.

### തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.പി.ടി.എ.റഹീം | ശ്രീ.പാലോളിമുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) 1.ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യപ്രാപ്തി വികസനത്തിന് പരിശീലനം നൽകി.<br>2.തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മാത്രമായി പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.<br>3.എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അക്കൗണ്ടൻറുമാരെ ലഭ്യമാക്കി<br>4.ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കി.<br>5. പദ്ധതി ആസൂത്രണം, പരിശോധന, അംഗീകാരം എന്നീ നടപടികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. 2011 ഏപ്രിൽ 1മുതൽത്രിതല പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽകൃത അ |

| | | | |
|---|---|---|---|
| | | | ക്കൗണ്ടിംഗ് രീതി നടപ്പിൽവരുന്നതാണ്.<br>6.അഴിമതി ഒഴിവാക്കുന്നതിനായി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനസോഷ്യൽ ആഡിറ്റ് കൗൺസിലും മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതിയുടെ ഓംബുഡ്സ്മാൻെറ അധ്യക്ഷതയിൽ ജില്ലാസോഷ്യൽ ആഡിറ്റ് സെല്ലും കൂടാതെ ഗ്രാമതലസോഷ്യൽ ഓഡിറ്റ് ടീമും രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ആഡിറ്റ് സെല്ലിൻെറ ഡയറക്ടറായി സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം താഴെപറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. ഹെഡ് ക്ലാർക്ക് - 21 എണ്ണം<br>2. അക്കൗണ്ടൻറ് തസ്തിക - 339<br>3.യു.ഡി.ക്ലാർക്ക് തസ്തിക അക്കൗണ്ടൻറ് തസ്തികയായി -642 ഉയർത്തിയത്<br>4.. ഹെഡ് ക്ലാർക്ക് തസ്തിക അക്കൗണ്ടൻറ് തസ്തികയായി മാറ്റിയത് -18<br>5..എൽ.ഡി.ക്ലാർക്ക് -152<br>6.ടൈപ്പിസ്റ്റ് -13<br>7.സി.എ -1<br>8.പ്യൂൺ -49<br>9.മെക്കാനിക് -1<br>10. പാർട്ട് ടൈം കണ്ടിജൻറ് - 617<br>ഇതിനുപുറമേ 190 ജൂനിയർ ബിൽകളക്ടർ തസ്തികയ്ക്ക് പകരമായി 190 എൽ.ഡി.ക്ലാർക്ക് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തദ്ദേശസ്വയംഭരണസ്ഥാപന ങ്ങൾക്കുവേണ്ടിയുള്ള എഞ്ചി നീയറിംഗ് വിഭാഗം രൂപീകരി ച്ചതിനുശേഷം വകുപ്പിന് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കു മോ ; | (സി) | 1.പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും കെട്ടിടനിർമ്മാണചട്ട ങ്ങളുടെ നടപ്പിലാക്കലും എഞ്ചിനീയ റിംഗ് വിഭാഗത്തെ ഏൽപ്പിച്ചതുമൂലം അവയുടെ ഗുണനിലവാരംമെച്ചപ്പെ ടുത്തുവാനും കെട്ടിടനിർമ്മാണചട്ട ങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്ന തിനും സാധിക്കുന്നുണ്ട്.<br>2.ഗ്രാമപഞ്ചായത്തുകൾ,ബ്ലോക്ക് പ ഞ്ചായത്തുകൾ,മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ എന്നിവയുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തു ന്നജീവനക്കാർക്ക് ആവശ്യമായ ഉപ ദേശനിർദ്ദേശങ്ങൾചീഫ് എഞ്ചിനീ യർ തലവനായിട്ടുള്ള ഉന്നത ഉദ്യോഗ സ്ഥതലത്തിൽനിന്നും നൽകുന്നതി നുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്<br>3.പഞ്ചായത്ത് സെക്രട്ടറിമാരുടെ ജോലിഭാരം ഗണ്യമായി കുറഞ്ഞി ട്ടുണ്ട്.<br>4.പഞ്ചായത്ത് സദ്ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതിപ്രവർത്തനം കാര്യക്ഷ മമാക്കുന്നതിനായി എന്തെ ല്ലാം നടപടികൾ സ്വീകരിച്ചിട്ടു ണ്ടെന്ന് വിശദമാക്കുമോ? | (ഡി) | പദ്ധതികൾ തയ്യാറാക്കുന്നതിന് മാർ ഗരേഖയും സബ്സിഡി അനുവദിക്കു ന്നതിന് മാനദണ്ഡങ്ങളും നിശ്ചയിച്ചി ട്ടുണ്ട്. ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പരിശോധനയെ തുടർന്ന് ജില്ലാ ആസൂത്രണ സമിതിക ളാണ് പദ്ധതിക്ക് അംഗീകാരം നൽ കുന്നത്. നിർവഹണഉദ്യോഗസ്ഥർ മുഖേന പ്രവൃത്തികൾനടപ്പാക്കു ന്നു.പദ്ധതി പ്രവർത്തനങ്ങൾ സുഗമ |

മാക്കുന്നിന് കൂടുതൽ നിർവഹണ ഉദ്യോഗസ്ഥരെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചട്ടങ്ങൾക്കും സർക്കാർ നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കും വിധേയമായാണ് പ്രവൃത്തികൾ നടപ്പാക്കേണ്ടത്. പദ്ധതി നിർവഹണത്തിന്റെ പുരോഗതി ജില്ലാ ആസൂത്രണസമിതികൾ മാസംതോറും അവലോകനം ചെയ്യാറുണ്ട്. ക്രമാനുഗതമായ പദ്ധതി ചെലവ് പുരോഗതി കൈവരിച്ച് പ്ലാൻഫണ്ട് വിനിയോഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സാമ്പത്തികവർഷത്തിലെ ഓരോ പാദാന്ത്യത്തിലും കൈവരിക്കേണ്ട ചെലവിന്റെ ടാർജറ്റ് നിശ്ചയിച്ചു നൽകുകയും അതിനനുസരണമായി നിർവ്വഹണപ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 35

8-2-2011 ൽ
മറുപടിയ്ക്ക്

2010-11 -ലെ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. സൈമൺബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. എം.എം. മോനായി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| എ) 2010-11-ലെ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ മുൻ വർഷത്തെ അപേക്ഷിച്ച് എത്രമാത്രം വിജയകരമായി നടത്താൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ; | എ) 2010-11 വർഷത്തെ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ വളരെ വിജയകരമായി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫെസ്റ്റിവലിൽ പങ്കെടുത്ത വ്യാപാര സ്ഥാപനങ്ങളുടെ എണ്ണത്തിലും, കൂപ്പൺ വിതരണത്തിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാപാരികളും ഉപഭോക്താക്കളും ആവേശപൂർവ്വം സ്വീകരിച്ച ഫെസ്റ്റിവലിന് ദേശീയ ശ്രദ്ധ നേടാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ആരംഭിച്ചശേഷം ഓരോ വർഷവും ഫെസ്റ്റിവലിലെ ഷോപ്പുകളുടെ പങ്കാളിത്തം എങ്ങനെയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | ബി) ഫെസ്റ്റിവലിന്റെ ആദ്യ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ക്രമാനുഗതമായ വർദ്ധനവ് ഈ പദ്ധതിയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>വർഷം — പങ്കാളികളായ വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം<br>2007-08 — -2198<br>2008-09 — -2432<br>2009-10 — -5008<br>2010-11 — -6305 |
| സി) സമ്മാനകൂപ്പൺ നൽകുന്നതു സംബന്ധിച്ച് ഈ വർഷം എന്തെല്ലാം പുതുമയാർന്ന നടപടികൾ സ്വീകരിച്ചു; മൊത്തം എത്ര തുകയ്ക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു; | സി) ഉപഭോക്താവിന് ലഭിക്കുന്ന ഒരു കൂപ്പൺ ഉപയോഗിച്ച് തന്നെ 4 തവണ സമ്മാനം ലഭിക്കാൻ സാദ്ധ്യതയുള്ള അവസരം ഇത്തവണത്തെ ഫെസ്റ്റിവലിൽ ഏർപ്പെടുത്തിയിരുന്നു. സ്വർണ്ണ സമ്മാനം ഉൾപ്പെടുന്ന സ്ക്രാച്ച് ആന്റ് വിൻ സമ്മാനം, എസ്.എം.എസ് സമ്മാനം, വീക്ക്ലി നറുക്കെടുപ്പിലൂടെയുള്ള സമ്മാനം, മെഗാ സമ്മാനം എന്നിവയായിരുന്നു അവ. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം നിരവധി വ്യാപാരസ്ഥാപനങ്ങൾ സ്വന്തം |

നിലയ്ക്കുള്ള സമ്മാനങ്ങളും ഏർപ്പെടുത്തിയിരുന്നു. ഇത് ഉപഭോക്താക്കളിൽ വലിയ താൽപര്യം ഉണർത്തിയെന്ന് ഈ വർഷത്തെ കൂപ്പൺ വില്പന 36 ലക്ഷമായി വർദ്ധിച്ചതിൽ നിന്നും മനസ്സിലാക്കാം. 2,27,34,000 രൂപയുടെ സ്ക്രാച്ച് ആന്റ് വിൻ സമ്മാനങ്ങളും , ഇതുവരെയായി 13 കോടി 61 ലക്ഷം രൂപയുടെ സ്വർണ്ണവും വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. സ്വർണ്ണസമ്മാനങ്ങളുടെ വിതരണം തുടർന്ന് വരുകയാണ്.

| | | | |
|---|---|---|---|
| ഡി) | ഫെസ്റ്റിവൽ സീസണിൽ വിറ്റുവരവിൽ എത്രത്തോളം വർദ്ധനവ് ഉണ്ടായി എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | ഡി) | ഫെസ്റ്റിവൽ സമയത്ത് വർദ്ധിച്ച നികുതി വരുമാനം സംബന്ധിച്ച കണക്കുകൾ നികുതി വകുപ്പിൽ നിന്നും ശേഖരിച്ചുവരുന്നു. ഫെബ്രുവരി അവസാനത്തോടെ ഈ കണക്കുകൾ ലഭ്യമാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. അവ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 36

08.02.2011-ൽ മറുപടിയ്ക്ക്

## "ശബരിമല വികസനത്തിന് മാസ്റ്റർ പ്ലാൻ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി. രാജഗോപാലൻ :<br>ശ്രീ.രാജു എബ്രഹാം :<br>ശ്രീ.എസ്. രാജേന്ദ്രൻ :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി. |
| (എ) പുല്ലുമേട് ദുരന്തം സംബന്ധിച്ച് ദേവസ്വം ബോർഡ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) തീർത്ഥാടകരുടെ സുരക്ഷയ്ക്കായി ദേവസ്വം ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു എന്ന് വിശദമാക്കുമോ ; | ബി) തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കാൻ പോലീസ്, ഫയർ ഫോഴ്സ്, ജില്ലാ ഭരണകൂടങ്ങൾ തുടങ്ങി വിവിധ വകുപ്പുകളുടെ സംയുക്തമായ പ്രവർത്തനങ്ങൾക്ക് എല്ലാ സഹകരണവും ദേവസ്വം ബോർഡ് നൽകിയിട്ടുണ്ട്. വേസ്വം ബോർഡും പോലീസും ചേർന്ന് 4.72 കോടി രൂപയുടെ സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്, കൂടാത മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നത് ദേവസ്വം ബോർഡിന്റെ ചുമതലയിലാണ്. |
| (സി) ശബരിമലയിലെ തിക്കും തിരക്കും നിയന്ത്രിക്കാൻ മാസ്റ്റർ പ്ലാൻ നിർദ്ദേശിച്ച പദ്ധതികൾ അടിയ ന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഘട്ടംഘട്ടമായി ഹൈക്കോടതി നിയോഗിച്ച ഹൈപവർ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇതു ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനായി എത്ര കോടി രൂപയാണ് വേണ്ടതെന്ന് അറിയിക്കുമോ; | (ഡി) | അടിയന്തിരമായി നടപ്പാക്കാൻ **ഉദ്ദേശിക്കുന്ന** ആദ്യ ഘട്ട പദ്ധതികൾക്കായി 122.50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (ഇ) | പദ്ധതികൾക്കുവേണ്ട പണം എപ്രകാരം കണ്ടെത്തുമെന്ന് വ്യക്തമാക്കുമോ ; | (ഇ) | പണം കണ്ടെത്താനായി "ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാ സ്ട്രക്ച്ചർ ഫണ്ട് ട്രസ്റ്റ്" രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. |
| (എഫ്) | വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എഫ്) (ജി) & (എച്ച്) | സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, നിലയ്ക്കൽ ശബരി ഭവനുകളുടെ നിർമ്മാണം, പ്രസാദം കോംപ്ലക്സ്, ക്യൂ കോംപ്ലക്സ്, റോപ്പ്‌വേ നിലയ്ക്കൽ പാർക്കിംഗ് ഏര്യ, അന്നദാന മണ്ഡപം, നിലയ്ക്കൽ ചെക്ക് ഡാം, നിലയ്ക്കൽ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, പമ്പയിൽ സർവ്വീസ് റോഡ്, നടപ്പാതയുടെ മേൽക്കൂര, നിലയ്ക്കലിൽ കുടിവെള്ളം സംഭരിക്കുന്നതിന് ടാങ്ക് നിർമ്മാണം എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യാനുദ്ദേശിക്കുന്നവയാണ്. നിലയ്ക്കലിൽ മുൻഗണനാക്രമത്തിൽ അടുത്ത സീസണിനു മുമ്പായി പാർക്കിംഗ് ഏര്യ വിപുലപ്പെടുത്തുക ഉൾറോഡുകളുടെ നിർമ്മാണം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ, വാട്ടർ റിസർവോയർ എന്നീ പ്രവർത്തികൾ നടത്താൻ ഉദ്ദേശിക്കുന്നു.<br>ശബരിമലയിൽ മുൻഗണനാക്രമത്തിൽ അടുത്ത സീസണിനു മുമ്പായി വലിയ നടപ്പന്തലിന്റെ പുനഃനിർമ്മാണം, താഴത്തെ തിരുമുറ്റത്തിന്റെ വിപുലീകരണം, പ്രസാദം കോംപ്ലക്സിന്റെ പുനഃവിന്യാസം, ചന്ദ്രാനന്ദൻ റോഡിലേക്കു പോകുവാനുള്ള പാലത്തിന്റെ നിർമ്മാണം എന്നിവ ഉദ്ദേശിക്കുന്നു. |
| (ജി) | ക്യൂ കോംപ്ലക്സ്, റോപ്പ്‌വേ എന്നിവയുടെ നിർമ്മാണത്തിന് മുൻഗണന നൽകുമോ ; | | |
| (എച്ച്) | അടുത്ത സീസണിനു മുമ്പ് എന്തെല്ലാം പദ്ധതികൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

ശബരിമല 1186ലെ മകരവിളക്ക് ദിവസം ഉണ്ടായ പുൽമേട് ദുരന്തത്തെപ്പററി അന്വേഷിക്കുന്നതിന് ദേവസ്വം ബോർഡ് വിജിലൻസ് എസ്.പി ചെയർമാനായും, ചീഫ് എഞ്ചിനീയർ ജനറൽ, ഫിനാൻസ് ആന്റ് അക്കൗണ്ട് ഓഫീസർ, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ അംഗങ്ങളായും ഒരു കമ്മിററി രൂപീകരിച്ചു. പ്രസ്തുത കമ്മിററി വിശദമായ റിപ്പോർട്ട് 25.01.2011ൽ ബോർഡിൽ സമർപ്പിച്ചു.

പ്രസ്തുത കമ്മിററിയുടെ റിപ്പോർട്ടിൽ ഒന്നാം ഭാഗത്ത് ദുരന്തം ഉണ്ടായതിന്റെ കാരണങ്ങളും, രണ്ടാം ഭാഗത്ത് ദേവസ്വം ബോർഡിന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നും, മൂന്നാം ഭാഗത്ത് ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാനുള്ള സംവിധാനം ബോർഡ് തലത്തിൽ സ്വീകരിക്കേണ്ട നടപടികളും വിവരിച്ചിട്ടുണ്ട്. മകരവിളക്ക് ദിവസം പുൽമേട്ടിൽ ജീപ്പ്, ഓട്ടോറിക്ഷ, മററ് വാഹനങ്ങൾ എന്നിവ ഉൾപ്പെടെ 2,250 ഓളം വാഹനങ്ങൾ അശാസ്ത്രീയമായി പാർക്ക് ചെയ്തിരുന്നതായും അത്രത്തോളം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സ്ഥലം ഉണ്ടായിരുന്നില്ലാ എന്നും റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ട്. ഏകദേശം ഒരു ലക്ഷത്തിലധികം അയ്യപ്പഭക്തന്മാർ മകരജ്യോതി കാണുവാൻ പുൽമേട്ടിൽ തടിച്ച് കൂടിയിരുന്നു. ആവശ്യമായ വൈദ്യുതീകരണം ഏർപ്പെടുത്തിയിട്ടില്ലായിരുന്നു. അതുകൊണ്ട് തന്നെ മകരജ്യോതി കഴിഞ്ഞ രാത്രി 7.10ന് പൂർണ്ണമായും പുൽമേട് ഇരുട്ടിലാകുകയും അയ്യപ്പന്മാരുടെ സുഗമമായ തിരുച്ചുപോക്കിനെ അത് ബാധിക്കുകയും ചെയ്തു. പുൽമേട് സ്ഥിതി ചെയ്യുന്ന സ്ഥലം പൂർണ്ണമായും വനംവകുപ്പിന്റെ അധീനതയിൽ ആയിരുന്നതിനാലും അയ്യപ്പന്മാരെ ആ ഭാഗത്തേക്ക് അനിയന്ത്രിതമായി കടത്തിവിട്ടതിനാലും അയ്യപ്പന്മാരുടെ സുരക്ഷക്കും മററും ആവശ്യമായ ക്രമീകരണങ്ങൾ വനംവകുപ്പാണ് ഏർപ്പെടുത്തേണ്ടിയിരുന്നത്.

മകരവിളക്ക് തെളിഞ്ഞ 7.10ന് ശേഷം ചുററാകെ ഇരുട്ട് വ്യാപിക്കുകയും ആവശ്യമായ വൈദ്യുതി വിളക്ക് ഇല്ലാത്തതിനാലും നിയന്ത്രണമില്ലാതെ വാഹനങ്ങൾ കടത്തിവിട്ടതിനാലും, ഇടുങ്ങിയ സ്ഥലത്തുകൂടി അയ്യപ്പന്മാർ തിക്കിയും, തിരക്കിയും നിയന്ത്രണവും ഇല്ലാതെ തിരിയെ ഇറങ്ങിയതുകൊണ്ടുമാണ് ഇത്തരത്തിൽ ദുരന്തം ഉണ്ടാകാൻ കാരണമെന്ന് കമ്മററി വിലയിരുത്തിയിട്ടുണ്ട്.

ഈ സംഭവത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭാഗത്ത് നിന്നും യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല എന്ന് കമ്മിററി കണ്ടെത്തി.

മാസ്റ്റർ പ്ലാനിൽ സൂചിപ്പിച്ചതു പോലെയുള്ള വഴികൾ വികസിപ്പിക്കുകയും, വൈദ്യുതീകരണം നടത്തുകയും വാഹനങ്ങൾ നിയന്ത്രിക്കുകയും പോലീസിന്റെയും, ഫോറസ്റ്റിന്റെയും ശുഷ്ക്കാന്തിയോടെയും, കാര്യക്ഷമതയോടെയും ഏകോപിപ്പിക്കേണ്ടതാണെന്നും ആയത് പ്രധാനമായ ആവശ്യമാണെന്ന് കമ്മററി ശുപാർശ ചെയ്തിട്ടുണ്ട്.

Sulathaan
Section officer

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 37

08/02/2011 -ൽ മറുപടിയ്ക്ക്

## നിർമ്മൽ പുരസ്കാരം നേടിയെടുക്കുവാൻ കഴിഞ്ഞ ഗ്രാമ പഞ്ചായത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എൻ. രാജൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര ഗ്രാമ പഞ്ചായത്തുകൾക്ക് നിർമ്മൽ പുരസ്കാരം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) 971

(ബി) കേരളത്തിലെ ഏതെങ്കിലും ജില്ലകൾ നിർമ്മൽ ജില്ലകളായി പ്രഖ്യാപിക്കാൻ സാദ്ധ്യതയുണ്ടോ, എങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ 6 ജില്ലാ പഞ്ചായത്തുകൾക്ക് ഇതിനോടകം നിർമ്മൽ ഗ്രാമ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്. അവാർഡ് ലഭിക്കാൻ അവശേഷിക്കുന്ന 8 ജില്ലകളിൽ ഉൾപ്പെട്ട 4 ജില്ലകളിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും അവാർഡ് നേടിയിട്ടുണ്ട്. ജില്ലകളിലെ മുഴുവൻ ബ്ളോക്ക് പഞ്ചായത്തുകൾക്കും പുരസ്ക്കാരം ലഭിക്കുന്ന മുറക്ക് ഈ ജില്ലകൾക്കും നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിക്കുന്നതാണ്.

(സി) മാലിന്യ മുക്ത കേരളം എന്നു മുതലാണ് നടപ്പിലാക്കിയത്; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

(സി) മാലിന്യമുക്ത കേരളം പരിപാടി 2006 ഒക്ടോബർ മുതലാണ് നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പരിപാടികളാണ് നടപ്പിലാക്കുന്നത്.

1. ഖര/ദ്രവ മാലിന്യ പരിപാലനം

ഖരമാലിന്യ പരിപാലനം, മാലിന്യമുക്ത കേരളം പരിപാടിയുടെ ഒരു പ്രധാന ഘടകമാണ്. പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേകിച്ചും തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ ഖര, ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി സമ്പൂർണ്ണ ശുചിത്വ യജ്ഞ പരിപാടിയുടെ ജില്ലാ പ്രോജക്ടുകളിൽ നിന്ന് ഭാഗിക സാമ്പത്തിക സഹായം നല്കിവരുന്നു. കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഖര, ദ്രവ മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് ധന സഹായവും നൽകുന്നു.

2. ബി.പി.എൽ കോളനികളിലെ ശുചിത്വം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ കൂടുതലായി അധിവസിക്കുന്ന കോളനികളിൽ സമഗ്ര ശുചിത്വ പ്ലാൻ തയ്യാറാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട കോളനികളിൽ പ്രവർത്തനം നടത്തുകയുണ്ടായി. സംസ്ഥാനത്തെ 152 ബ്ളോക്ക് പഞ്ചായത്തുകളിൽ, സാരമായ ശുചിത്വ പ്രശ്നങ്ങൾ ഉള്ളതും ബി.പി.എൽ കുടുംബങ്ങൾ കൂടുതലായി അധിവസിക്കുന്നതുമായ ഓരോ കോളനി വീതം തെരഞ്ഞെടുത്ത് പ്രസ്തുത കോളനികളുടെ മാലിന്യ പ്രശ്നങ്ങളെ കുറിച്ച് വിശദമായ പഠനം നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന സമഗ്ര മാതൃകാ ശുചിത്വ പ്ലാൻ തയ്യാറാക്കുകയാണ് ഈ പരിപാടിയിൽ ചെയ്തത്.

3. മാലിന്യ മുക്തകേരളം പ്രചരണ പരിപാടി

പരിസര ശുചിത്വ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ദൃശ്യ ശ്രാവ്യ അച്ചടി മാധ്യമങ്ങളിലൂടെ വിവര വിദ്യാഭ്യാസ വിനിമയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

4. മാലിന്യ മുക്തകേരളം അവാർഡ്

ശുചിത്വ മേഖലയിൽ മികച്ച നിലവാരം പുലർത്തുന്ന പഞ്ചായത്തുകളെ ആദരിക്കുന്നതിനായി മാലിന്യമുക്ത കേരളം അവാർഡ് നൽകി വരുന്നു. അവാർഡിനായി, സംസ്ഥാനത്ത് മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന 60 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത്, 50,000 രൂപ വീതം ധനസഹായം നൽകുന്നു. കൂടാതെ ജില്ലാതലത്തിൽ മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന പൊതു സ്ഥാപനങ്ങൾക്കും അവാർഡു നൽകി വരുന്നുണ്ട്.

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 38 — 8- 2- 2011ൽ മറുപടിക്ക്.

## പോലീസ് സ്റ്റേഷനുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എൻ . ശക്തൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.സി. ജോസഫ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത് ; | : (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി താഴെപറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br><br>1) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും കമ്പ്യൂട്ടർ നൽകി.<br>2) സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും ഈ - മെയിൽ സംവിധാനം നടപ്പാക്കി.<br>3) കേരള പോലീസ് വിർച്ചൽ പ്രൈവറ്റ്നെറ്റ് വർക്ക് നടപ്പാക്കി.<br>4) കേരളത്തിൽ ലോക്കൽ പോലീസിന്റെ സേനാംഗങ്ങൾക്ക് മൊബൈൽ ഫോൺ നൽകി.<br>5) എല്ലാ മുനിസിപ്പൽ പോലീസ് സ്റ്റേഷനുകളിലും വർദ്ധിച്ച വാഹന സൗകര്യം ഏർപ്പെടുത്തി.<br>6) സംസ്ഥാനത്തെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി സമ്പ്രദായം ഏർപ്പെടുത്തി. |

(മറുപുറം)

7) സംസ്ഥാനത്തെ 283 പോലീസ് സ്റ്റേഷനുകളിൽ റൈഫിളേന്തിയുള്ള പാറാവ് സമ്പ്രദായം മാറ്റി റിവോൾവർ/പിസ്റ്റൾ ഉപയോഗിച്ചുകൊണ്ടുള്ള സ്റ്റേഷൻ സെക്യൂരിറ്റി സമ്പ്രദായം നടപ്പാക്കി.

8) റിസപ്ഷൻ ഡെസ്ക് സമ്പ്രദായം എല്ലാ പോലീസ് സ്റ്റേഷനുകളിലും ഏർപ്പെടുത്തി.

9) തിരുവനന്തപുരം സിറ്റിയിൽ പ്രതി എസ്കോർട്ട് ഡ്യൂട്ടി ചെയ്യുന്ന പോലീസിന് റൈഫിളിനു പകരം പിസ്റ്റൾ നൽകിയിട്ടുണ്ട്.

10) ആദ്യഘട്ടമായി സംസ്ഥാനത്തെ തെരെഞ്ഞെടുത്ത 166 പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പ് മോണിറ്ററിംഗ് സംവിധാനം ആരംഭിച്ചു.

11) സംസ്ഥാനത്ത് മണർക്കാട് പോലീസ് സ്റ്റേഷനിൽ (കോട്ടയം ജില്ല) കേന്ദ്രീകൃത കസ്റ്റഡി സംവിധാനം നടപ്പാക്കി.

12) സംസ്ഥാനത്തെ 43 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. **105** പോലീസ് സ്റ്റേഷനുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

13) ജനമൈത്രി സുരക്ഷാ പദ്ധതി ആരംഭിച്ച 43 പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

14) 150 പോലീസ് സ്റ്റേഷനുകളിൽ വനിതാഹെൽപ്പ് ഡെസ്ക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(മറുപുറം)

(ബി) ഇത്തരം സംവിധാനങ്ങൾ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഈ വർഷം തന്നെ നടപ്പിലാക്കാൻ കഴിയുമോ ; : (ബി) പ്രായോഗികമായി സാധ്യമല്ല.

(സി) സംസ്ഥാനത്തൊട്ടാകെ ഇനിയും സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകളാണുള്ളത് എന്നറിയിക്കുമോ ;

(ഡി) ഈ സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചു നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഈ വർഷം തന്നെ ഇത്തരത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തമായ കെട്ടിടം നിർമ്മിച്ചു നല്കാൻ നടപടി സ്വീകരിക്കുമോ ?

(സി) , (ഡി) & (ഇ) സംസ്ഥാനത്ത് 74 പോലീസ് സ്റ്റേഷനുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. ഇവയിൽ 11 എണ്ണത്തിന്റെ നിർമ്മാണം വിവിധ ഘട്ടത്തിലാണ്. ഈ വർഷം 12 പോലീസ് സ്റ്റേഷനുകൾക്ക് വേണ്ടി കെട്ടിടം നിർമ്മിയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള പോലീസ് സ്റ്റേഷനുകൾക്ക് വേണ്ടി സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് സ്വന്തമായിട്ടുള്ള കെട്ടിടം നിർമ്മിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 39

08.02.2011-ൽ മറുപടിയ്ക്ക്

ഗ്രാമീണ റോഡ് വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. അടൂർ പ്രകാശ് : | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| എ. | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ സംസ്ഥാനത്തെ ഗ്രാമീണ റോഡ് വികസനത്തിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന പി.എം.ജി.എസ്.വൈ. പ്രകാരം ആകെ എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയത് എന്ന് വെളിപ്പെടുത്തുമോ ; | എ. | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1888.272 കി.മി. ദൈർഘ്യം വരുന്ന 742 റോഡുകൾക്ക് (780.94 കോടി രൂപയ്ക്കുള്ള പദ്ധതികൾ) കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചു. |
| ബി. | ഇതിനായി ആകെ എത്ര കോടി രൂപയാണ് കേന്ദ്രസഹായമായി ലഭിച്ചത് ; | ബി. | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്രസർക്കാരിൽ നിന്നും 366.36 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| സി. | ഇതുവരെ ഇതിൽ എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായി എന്ന് വ്യക്തമാക്കുമോ ; | സി. | 781.088 കി.മി. ദൈർഘ്യം വരുന്ന 376 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| ഡി. | ഇതിനായി കേന്ദ്രഗവൺമെന്റ് നൽകിയ ധനസഹായത്തിന്റെഎത്ര ശതമാനം തുക ചെലവഴിക്കാനായി ; | ഡി. | കേന്ദ്രസർക്കാരിൽ ലഭ്യമായ തുകയിൽ നിന്നും 361.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ലഭ്യമായ തുകയുടെ 98.66 ശതമാനമാണ്. |
| ഇ. | ഇപ്പോൾ ഈ പദ്ധതിയിൻകീഴിൽ എത്ര പുതിയ റോഡ് പ്രോജക്റ്റുകളാണ് കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | ഇ. | പുതിയ റോഡ് പ്രോജക്റ്റുകൾ ഒന്നും തന്നെ കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടില്ല. എന്നാൽ 2008-09 സാമ്പത്തിക വർഷം 7-ാം ഘട്ടത്തിൽ 1,155 കി.മീ. ദൈർഘ്യം വരുന്ന 420 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് 486.74 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും, ആയതിന് കേന്ദ്രതലത്തിലുള്ള എംപവേർഡ് കമ്മിറ്റി തത്വത്തിൽ അംഗീകരിക്കുവാനായി കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്തിട്ടുമുണ്ട്. എന്നാൽ ഇതിൽ 533 കി.മി. |

ദൈർഘ്യം വരുന്ന പ്രവർത്തികൾക്ക് കേന്ദ്രസർ

കി.മി. ദൈർഘ്യം വരുന്ന 221.18 കോടി രൂപയ്ക്കുള്ള 162 പ്രവർത്തികളുടെ കരാറാണ് ഉറപ്പിച്ചിട്ടുള്ളത്. ശേഷിക്കുന്ന 265.56 കോടി രൂപയുടെ 630.557 കി.മി.ദൈർഘ്യം വരുന്ന 258 റോഡുകളുടെ നിർമ്മാണത്തിനുള്ള തുടർ അനുമതിയ്ക്കായി 10-7-2009-ന് കേന്ദ്രസർക്കാരിന് സമർപ്പിച്ചതിൽ, സെപ്റ്റംബർ 2010-ൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി കേന്ദ്രസർക്കാരിന്റെ പുനർഅനുമതി നേടി ടെണ്ടർ ചെയ്യുന്നതാണ്.

| | | | |
|---|---|---|---|
| എഫ്. | കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി ലഭിക്കുന്ന കേന്ദ്രസഹായം യഥാസമയം ചെലവഴിക്കുന്നതിന് സമയബന്ധിതമായ ഒരു നടപടിക്രമത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | എഫ്. | പി.എം.ജി.എസ്.വൈ. പദ്ധതിയ്ക്കായി ലഭിക്കുന്ന കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് സർക്കാർ വിവിധങ്ങളായ നടപടിക്രമങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ജി. | ഇതിനായി എത്ര കോടി രൂപ ധനസഹായമായി ലഭിക്കും ; | ജി. | 2008-09 സാമ്പത്തിക വർഷം 7-ാം ഘട്ടത്തിലെ രണ്ടാം ബാച്ചായി സമർപ്പിച്ച 265.56 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ 332.72 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

1 റോഡ് നിർമ്മാണ സാമഗ്രികളുടെ അധികരിച്ച തുക കരാറുകാർക്ക് നല്കുന്നതിന് സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 43/2008 ത.സ്വ.ഭ.വ തീയതി :16/2/2008 പ്രകാരം അനുമതി നല്കിയിട്ടുണ്ട്.

2. പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ റോഡുകളുടെ അറ്റുകുറ്റ പണികൾക്ക് ആവശ്യമായ തുക അനുവദിക്കൽ-(i) 4/11/2008 ലെ ജി.ഒ.(ആർ.റ്റി) നമ്പർ 3875/08/ തസ്വഭവ പ്രകാരം - 164.34 ലക്ഷം രൂപയും (ii) 28-08-2009 ജി.ഒ.(ആർ.റ്റി) നമ്പർ .2239/2009/ത.സ്വ.ഭ.വ - പ്രകാരം 343.148 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്

3. കരാറുറപ്പിക്കാൻ കഴിയാതിരുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി റീടെൻഡർ ചെയ്യുന്നതിനുള്ള അനുമതി-ജി.ഒ (എംഎസ്) 262/2008/ ത.സ്വ.ഭ.വ തീയതി. 29/09/2008 .

4.കോർനെറ്റ് വർക്ക് തയ്യാറാക്കിയതിൽ വന്ന പോരായ്മ പരിഹരിക്കുന്നതിനായി പ്രസ്തുത കോർനെറ്റ് വർക്ക് പരിഷ്ക്ക രിക്കുന്നതിനുള്ള തീരുമാനം-ജി.ഒ നമ്പർ 66/2008/ത.സ്വ.ഭ.വ തീയതി 7/3/2008

5.പി.എം.ജി.എസ്.വൈ ഘട്ടം VI, VII വരെയുള്ള പ്രവർത്തികൾ ആവർത്തിച്ച് ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയിട്ടും പ്രതികരണമില്ലാത്ത 134 റോഡ് പ്രവർത്തികൾക്ക് 10 % വരെ ടെണ്ടർ പ്രീമിയം അനുവദിച്ച തീരുമാനം -ജി.ഒ.(എം.എസ്) നമ്പർ-1448/2009 തീയതി 17/06/2009.

6.പി.എം.ജി.എസ്.വൈ ഘട്ടം iii മുതൽ VI വരെയുള്ള പ്രവർത്തികൾ ആവർത്തിച്ച് ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയിട്ടും പ്രതികരണമില്ലാത്ത 74 പ്രവർത്തികൾ വീണ്ടും ടെണ്ടർ ചെയ്യുന്നതിനും അതിന് 15% വരെ ടെണ്ടർ പ്രീമിയം അനുവദിച്ചുള്ള തീരുമാനം-ജി.ഒ. (എം.എസ്) നമ്പർ 2696/2009 തീയതി 20/10/2009

7.പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ 41 അക്രഡിറ്റഡ് എൻജിനീയർ മാരെയും 14 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരേയും കരാറടി സ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള തീരുമാനം-ജി.ഒ. (എം.എസ് ) നമ്പർ 149/2007/ ത.സ്വ.ഭ.വ തീയതി 5/6/2007

8.എല്ലാ PIUകളിലും ഓരോ സീനിയർ അക്കൗണ്ടന്റുമാരേയും ഓരോ ഡ്രാഫ്റ്റ്സ്മാനേയും കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള തീരുമാനം - ജി.ഒ.(ആർ.റ്റി)നമ്പർ.4077/2008/ത.സ്വ.ഭ.വ തീയതി 20/11/2008

9.PIU വിൽ അക്രെഡിറ്റഡ് എൻജിനീയർമാരുടെ എണ്ണം 56 ആക്കി വർദ്ധിപ്പിച്ചു കൊണ്ടും 90 ഓവർസിയർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന തിനുമുള്ള തീരുമാനം ജി.ഒ.(എം.എസ്.) നമ്പർ 157/2009/ ത.സ്വ.ഭ.വ തീയതി 7/8/2009

10.പദ്ധതി പ്രവർത്തനത്തിൽ ജില്ലാ തലത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നിലവിലുള്ള പ്രജക്റ്റ് മാനേജ്മെന്റ് കമ്മിറ്റി പ്രാപ്തമല്ലാത്തതിനാൽ ജില്ലാതലത്തിൽ ജില്ലകളക്ടറുടെ ചുമതലയിലും മേൽ നോട്ടത്തിലും പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി രൂപികരിച്ചു കൊണ്ടുള്ള തീരുമാനം ജി.ഒ. (എം.എസ്.)നമ്പർ 3059/2009/ത.സ്വ.ഭ.വ തീയതി 18/11/2009.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 08.02.2011-ൽ |
| ചോദ്യം നമ്പർ : 40 | മറുപടിയ്ക്കു |

## "ശബരിമല വികസനത്തെക്കുറിച്ചുള്ള ദർശൻ ശങ്കർ റിപ്പോർട്ട്"

| | |
|---|---|
| ചോദ്യം | <u>ഉത്തരം</u> |
| ശ്രീ.വി.ഡി.സതീശൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ : | ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും |
| ശ്രീ.കെ.ബാബു : | സ്റ്റേഷനറിയും വകുപ്പ് മന്ത്രി. |
| ശ്രീ.കെ.അച്ചുതൻ : | |

| | | | |
|---|---|---|---|
| (എ) | ശബരിമലയിലെ പുൽമേട്ടിൽ ഉണ്ടായ ദുരന്തത്തെക്കുറിച്ച് ദേവസ്വം ബോർഡ് എന്തൊക്കെ അന്വേഷണങ്ങൾ നടത്തി എന്ന് വെളിപ്പെടുത്തുമോ ; | (എ) | ശബരിമല പുൽമേട്ടിൽ ഉണ്ടായ ദുരന്തത്തെക്കുറിച്ച് ദേവസ്വം ബോർഡ് വിജിലൻസ് എസ്.പി. ചെയർമാനായും ചീഫ് എഞ്ചിനീയർ (ജനറൽ), ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തുകയും മാസ്റ്റർ പ്ലാനിൽ സൂചിപ്പിച്ച പ്രകാരം വഴികൾ വികസിപ്പിക്കുകയും വൈദ്യുതീകരണം നടത്തുകയും വാഹനങ്ങൾ നിയന്ത്രിക്കുകയും പോലീസിന്റെയും ഫോറസ്റ്റിന്റെയും കാര്യക്ഷമതയോടുള്ള പ്രവർത്തനം ഏകോപിപ്പിക്കേണ്ടത് പ്രധാനമാണെന്നുമാണ് പ്രാഥമിക കണ്ടെത്തൽ. |
| (ബി) | ഇവിടെ ഉണ്ടായ ദുരന്തത്തിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്നാണ് വിലയിരുത്തിയിട്ടുള്ളത് ; | ബി) | മകരവിളക്ക് ദർശനത്തിനായി പുൽമേട്ടിൽ ഏകദേശം ഒന്നര ലക്ഷം ഭക്തർ എത്തിയതായും ദർശനത്തിനുശേഷം ഭക്തർ വാഹനങ്ങൾ പാർക്ക് ചെയ്ത സ്ഥലത്തേയ്ക്ക് തിരുക്കു കൂട്ടി നീങ്ങിയതായും ഈ സമയത്ത് അവിടെ പാർക്ക് ചെയ്തിരുന്ന ഒരു ഓട്ടോ റിക്ഷാ മറിഞ്ഞ് സമീപത്ത് പാർക്ക് ചെയ്തിരുന്ന ഒരു സ്വകാര്യ ജീപ്പിൽ വന്നിടിക്കുകയും അത് ഭക്തരുടെ മേൽ തട്ടി അപ്പോഴുണ്ടായ തിക്കിലും തിരക്കിലും പെട്ട് നിലത്ത് വീണവർ പിന്നാലെ വന്നവരുടെ ചവിട്ടേറ്റ് മരിക്കുകയുമാണ് ഉണ്ടായതെന്നാണ് പ്രാഥമിക നിഗമനം. |

| | | | |
|---|---|---|---|
| (സി) | ശബരിമല വികസനത്തെക്കുറിച്ചുള്ള 'ദർശൻ ശങ്കർ റിപ്പോർട്ട്'ൽ പുൽമേട്ടിലെ തീർത്ഥാടക പ്രവാഹം നിയന്ത്രിക്കുന്നതിന് എന്തൊക്കെ ശുപാർശകളാണ് നൽകിയിരുന്നത് ; | (സി) & (ഡി) | കേന്ദ്ര വനം വകുപ്പിൽ നിന്നും 12.675 ഹെക്ടർ വനഭൂമി ദേവസ്വം ബോർഡിന് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള ദർശൻ ശങ്കർ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയതിൽ പുൽമേട്ടിലെ തീർത്ഥാടനപ്രവാഹം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ശുപാർശകളൊന്നുമില്ല. |
| (ഡി) | പുൽമേട്ടിൽ തീർത്ഥാടകർ തങ്ങരുതെന്നും അവിടേക്ക് വാഹനം കടത്തിവിടരുതെന്നും ഈ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നുവോ ; | | |
| (ഇ) | ഉപ്പുപാറവഴി വരുന്ന തീർത്ഥാടകർക്ക് എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കാനാണ് ശബരിമലയുടെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാനിൽ ശുപാർശ ചെയ്തിരുന്നത് ; | (ഇ) | വണ്ടിപ്പെരിയാർ–സത്രം റോഡ് ഗതാഗതയോഗ്യമാക്കണമെന്നും വള്ളക്കടവ് –ഉപ്പുപ്പാറ റോഡ് അടയ്ക്കണമെന്നും മാസ്റ്റർപ്ലാനിൽ പറയുന്നുണ്ട്. കൂടാതെ ഉപ്പുപാറ വഴി വരുന്ന തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിന് സത്രം ബേസ് ക്യാമ്പായി വികസിപ്പിച്ച് സൗകര്യമൊരുക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഉപ്പുപാറയിൽ വരുന്ന തീർത്ഥാടകർക്ക് കുടിവെള്ളം, ഭക്ഷണം മുതലായ താല്ക്കാലിക സൗകര്യങ്ങൾ അത്യാവശ്യ സർവ്വീസുകൾ (ഫസ്റ്റ് എയ്ഡ്) പൊതു അറിയിപ്പ് സംവിധാനം, അടിയന്തിര രക്ഷാപ്രവർത്തന വാഹനങ്ങൾ എന്നിവ ഏർപ്പെടുത്തുവാൻ ശുപാർശയുണ്ട്. |
| (എഫ്) | ഈ ഭാഗത്ത് കാട്ടിനുള്ളിൽ യാതൊരു നിയന്ത്രണവുമില്ലാതെ ചെറുകിട കച്ചവട സ്ഥാപനങ്ങൾ നടത്തുന്നതിന് അനുവദിച്ച നടപടിയെക്കുറിച്ച് അന്വേഷണം നടത്തുമോ ? | (എഫ്) | കാട്ടിനുള്ളിൽ നിയന്ത്രണമില്ലാതെ ചെറുകിട കച്ചവട സ്ഥാപനങ്ങൾ നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 41

08/02/2011-ൽ മറുപടിക്ക്

# കുടുംബശ്രീ ആവിഷ്ക്കരിച്ചിട്ടുള്ള സമഗ്ര പദ്ധതിയുടെ സവിശേഷതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | ശ്രീ. പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ ആവിഷ്ക്കരിച്ചിട്ടുള്ള സമഗ്ര പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; | (എ) മുൻ-പിൻ ബന്ധങ്ങൾ ഉറപ്പു വരുത്തുകയും മികച്ച സാങ്കേതിക വിപണന സൗകര്യങ്ങൾ നൽകുകയും ചെയ്തുകൊണ്ട് ഓരോ പ്രദേശത്തിനും അനുയോജ്യമായ ലഘു സംരംഭങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് കുടുംബശ്രീ ആവിഷ്കരിച്ച നവീന പദ്ധതിയാണ് സമഗ്ര. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, വിവിധ സർക്കാർ ഏജൻസികളുടേയും, സ്വകാര്യ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളെ സമന്വയിപ്പിച്ചുകൊണ്ടാണ് സമഗ്ര പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (ബി) ഇതിനകം പ്രാദേശികതലത്തിൽ എത്ര പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ട്; എല്ലാ ജില്ലകളിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (ബി) 11 ജില്ലകളിലായി 16 പ്രോജക്ടുകൾ നിലവിലുണ്ട്. മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ചെറിയ തോതിൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. മലപ്പുറത്തും, പെരിന്തൽമണ്ണയിലും ലൈവിലി ഹുഡ് പ്രോജക്ട് ആയും വയനാട് ജില്ലയിൽ ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായും, പാലക്കാട് കൊണ്ടാട്ടം പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

| | | |
|---|---|---|
| (സി) | പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി)സമഗ്ര പ്രോജക്ടുകളുടെ സാങ്കേതിക സഹായം നൽകുന്നതിനായി അതാത് മേഖലയിൽ നൈപുണ്യം തെളിയിച്ച സ്ഥാപനങ്ങളെയാണ് ഏർപ്പാടാക്കിയിരിക്കുന്നത്. ഉദാ: കാർഷിക സർവ്വകലാശാല, CFTRI മൈസൂർ, NRCC പുത്തൂർ, TBGRI, Palode സാമ്പത്തിക സഹായത്തിനായി വിവിധ സർക്കാർ ഡിപ്പാർട്ട്മെന്റുകളുടേയും മറ്റ് ഏജൻസികളുടേയും ധനസഹായങ്ങൾ ഏകോപിപ്പിക്കുകയും ബാങ്കുകളിൽ നിന്നുള്ള വായ്പാ സംവിധാനം ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളും പ്രോജക്ട് അടങ്കൽ തുകയുടെ 5 ശതമാനം വിഹിതമായി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | പദ്ധതി മുഖേന എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; | (ഡി) ഈ പദ്ധതിപ്രകാരം ഇതുവരെ 39446 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു. |
| (ഇ) | എല്ലാ യൂണിറ്റുകളും ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഇ) മിക്ക യൂണിറ്റുകളും ലാഭകരമായാണ് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം നാലായി ചേർത്തിരിക്കുന്നു. |
| (എഫ്) | സമഗ്ര ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിന് സഹായം നൽകുമോ? | (എഫ്).വിവിധ ഏജൻസികളുമായി മാർക്കറ്റിംഗ് ടൈഅപ്പിൽ ഏർപ്പെടുകയും ഉത്പന്നങ്ങൾ മാസച്ചന്ത, ഫെസ്റ്റിവൽ, ഫെയർ എന്നിവയിലും വിപണനം നടത്തുന്നുണ്ട്. ഹോംഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചില പ്രോജക്ടുകളുമായി ബന്ധപ്പെട്ട് മാർക്കറ്റിംഗ് ഗ്രൂപ്പുകൾ കൊണ്ട് |

വിപണനം. നടത്തുന്ന [illegible] പ്രയോജനപ്പെടുത്തുന്നുണ്ട്. ജില്ലാ പഞ്ചായത്ത് വാഹന സൗകര്യമൊരുക്കി ചില്ലറ വിൽപ്പന കൂടി ചില [illegible] നടപ്പിലാക്കുന്നു. കശുവണ്ടി പദ്ധതിയിൽ മൊത്ത വിപണിയിലും ഉൽപ്പന്നം വിറ്റഴിക്കുന്നുണ്ട്. ക്ഷീരസാഗരം പദ്ധതിയിൽ നെടുംങ്കണ്ടം ബ്ലോക്കിലെ മിൽക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും അലങ്കാര മത്സ്യകൃഷിയിൽ അലങ്കാരമത്സ്യങ്ങൾ കാവിൽ ഏജൻസി (കേരള അക്വ വെഞ്ചർ ഇന്റസ്ട്രീസ് ലിമിറ്റഡ്) വഴിയും വിപണനം നടത്തുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നമ്പർ | ജില്ല | പ്രോജക്ട് |
|---|---|---|
| 1. | തിരുവനന്തപുരം | നേന്ത്രൻ, ഹരിതശ്രീ |
| 2. | കൊല്ലം | നെടുമ്പന അപ്പാരൽ പാർക്ക് |
| 3. | പത്തനംതിട്ട | മധുരം തേൻ പ്രോജക്ട് |
| 4. | ആലപ്പുഴ | മാരാരി മഷ്റൂം |
| 5. | കോട്ടയം | ഓർണമെന്റൽ ഫിഷ് |
| 6. | ഇടുക്കി | ക്ഷീരസാഗരം, പൂമാല നേച്ചർഫ്രഷ് (മുട്ട) |
| 7. | എറണാകുളം | ഹരിതം, തിരുമധുരം |
| 8. | തൃശൂർ | നിവേദ്യം |
| 9. | കോഴിക്കോട് | വി.കെ.സി ഫുട് വെയർ അപ്പർ, ബാലുശേരി സേവന, വെജിറ്റബിൾ പ്രോജക്ട് |
| 10. | കണ്ണൂർ | ആടുഗ്രാമം |
| 11. | കാസർകോട് | സഫലം കാഷ്യൂനട്ട് പ്രോജക്ട് |

**സെക്ഷൻ ഓഫീസർ**

**നേന്ത്രൻ പ്രോജക്ട്** : തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ നേന്ത്രൻ പ്രോജക്ട് സാങ്കേതിക സഹായം, കപ്പാസിറ്റി ബിൽഡിംഗ് എന്നിവ നൽകുന്നതിന് പ്രോവിൻസ് അഗ്രി സിസ്റ്റം എന്ന പ്രൈവറ്റ് സ്ഥാപനവുമായി ടൈഅപ്പ് ഉണ്ടാക്കി. സാമ്പത്തിക സഹായത്തിനായി ജില്ലയിലെ വിവിധ ബാങ്കുകളിൽ നിന്നും ലോൺ ഏർപ്പാടാക്കി. ജില്ലാപഞ്ചായത്ത്, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കുടുംബശ്രീ മിഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിച്ചിട്ടിട്ടുണ്ട്.

**ഹരിതശ്രീ** : തിരുവനന്തപുരം ജില്ലാ മിഷനും, തിരുവനന്തപുരം ജില്ലാപഞ്ചായത്തും ചേർന്ന് നടപ്പിലാക്കിയ ഹരിതശ്രീ പദ്ധതിക്ക് കുടുംബശ്രീയിൽ നിന്നും 13,48000 രൂപ ഇൻസെന്റീവായി കൊടുത്തിട്ടുണ്ട്. പ്രോവിൻസ് അഗ്രി സിസ്റ്റമാണ് സാങ്കേതിക സഹായവും വിപണനവും നടത്തുന്നത്.

**നെടുമ്പന അപ്പാരൽപാർക്ക്** : കൊല്ലം ജില്ലാ മിഷൻ നടപ്പിലാക്കിയ നെടുമ്പന അപ്പാരൽപാർക്ക് പദ്ധതിക്ക് സാങ്കേതിക സഹായം നൽകുന്നത് KINFRA അപ്പാരൽപാർക്കും, ബാംഗ്ലൂരിലെ Reach Technologies എന്നീ സ്ഥാപനങ്ങളാണ്. പദ്ധതിക്കു വേണ്ട ധനസഹായം വിവിധ ഏജൻസികളായ കുടുംബശ്രീ മിഷൻ, ഗ്രാമപഞ്ചായത്ത്, ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് എന്നീ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ബാങ്കിൽ നിന്നും ലോൺ ഏർപ്പാടാക്കിയിട്ടുണ്ട്.

**മധുരം തേനീച്ച വളർത്തൽ പദ്ധതി** : പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയ മധുരം തേനീച്ച വളർത്തൽ പദ്ധതിക്ക് സാങ്കേതിക സഹായം കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്നും, മാർത്താണ്ഡം വൈ.എം.സി.എ യിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ മിഷൻ എന്നിവയുടെ ഫണ്ട് സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിക്കാവശ്യമായ തുക ബാങ്കുകളിൽ നിന്നും വായ്പയായി എടുത്തിട്ടുണ്ട്.

**മാരാരി മഷ്റൂം** : ആലപ്പുഴയിൽ നടപ്പിലാക്കിയ ഈ പദ്ധതിക്ക് ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ മിഷൻ തുടങ്ങിയവ സാമ്പത്തിക സഹായം നൽകി വരുന്നു. TBGRI, Palode സാങ്കേതിക സഹായം നൽകി വരുന്നു. ബാങ്കിൽ നിന്നും

വായ്പയും നൽകിയിട്ടുണ്ട്. കൂടാതെ ഒരു സ്പോൺ യൂണിറ്റുകൂടി ഈ കഴിഞ്ഞ മാസം ആരംഭിച്ചിട്ടുണ്ട്.

**ഓർണമെന്റൽ ഫിഷ്** : കോട്ടയം ജില്ലയിൽ നടപ്പിലാക്കിയ ഓർണമെന്റൽ ഫിഷ് പദ്ധതിക്ക് കുടുംബശ്രീ മിഷൻ, NFDB, Co-operative society തുടങ്ങിയവ സാമ്പത്തിക സഹായവും, മത്സ്യഫെഡ്, കാവിൽ ഏജൻസി എന്നിവ സാങ്കേതിക സഹായവും നൽകി വരുന്നു.

**തിരുമധുരം** : എറണാകുളം ജില്ലയിൽ നടപ്പിലാക്കിയ തിരുമധുരം പദ്ധതിക്ക് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ മിഷൻ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, വിവിധ ബാങ്കുകൾ, അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയവ സാമ്പത്തിക സഹായം നൽകുകയും, എൻ.എ.പി.സി സാങ്കേതിക സഹായം നൽകുകയും ചെയ്തു.

**പൂമാല നേച്ചർ ഫ്രെഷ്** : ഇടുക്കി ജില്ലയിൽ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പൂമാല നേച്ചർഫ്രെഷ് പദ്ധതിക്ക് കുടുംബശ്രീ, ബാങ്ക്, മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, എന്നിവ സാമ്പത്തിക സഹായവും, മൃഗസംരക്ഷണ വകുപ്പ്, കാർഷിക സർവ്വകലാശാല എന്നിവ സാങ്കേതിക സഹായവും നൽകുന്നു.

**ഹരിതം** : എറണാകുളം ജില്ലയിൽ നടപ്പിലാക്കിയ ഹരിതം വെജിറ്റബിൾ കൾട്ടിവേഷൻ പദ്ധതിക്ക് ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ മിഷൻ തുടങ്ങിയവ സാമ്പത്തിക സഹായവും VFPCK സാങ്കേതിക സഹായവും നൽകി വരുന്നു.

**ക്ഷീരസാഗരം** : ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ ക്ഷീരസാഗരം പദ്ധതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, കൃഷി വകുപ്പ് (ആർ.എസ്.വി.വൈ പ്രോജക്ട്), ബാങ്കുകൾ കുടുംബശ്രീ മിഷൻ എന്നിവ സാമ്പത്തികസഹായം നൽകി. മൃഗ സംരക്ഷണ വകുപ്പ് സാങ്കേതിക സഹായം നൽകുന്നു.

**നിവേദ്യം പദ്ധതി** : തൃശൂർ ജില്ലയിൽ നടപ്പിലാക്കിയ നിവേദ്യം പദ്ധതിക്ക് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ മിഷൻ, കൃഷിഭവൻ തുടങ്ങിയവ സാമ്പത്തിക സഹായം നൽകി.

**വി.കെ.സി കോഴിക്കോട്** : കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ വി.കെ.സി അപ്പർ ഫൂട്ട്വെയർ പദ്ധതിക്ക് കുടുംബശ്രീ മിഷനും ഗ്രാമപഞ്ചായത്തും സാമ്പത്തിക

സഹായം നൽകി. FDDC (Training), VKC (Buyback) തുടങ്ങിയവ സാങ്കേതിക സഹായവും നൽകുന്നു.

**ഗോട്ട് വില്ലേജ്** : കണ്ണൂർ ജില്ലയിൽ 40 പഞ്ചായത്തുകളിൽ നടപ്പിലാക്കിയ **ഗോട്ട്** വില്ലേജ് പദ്ധതിക്ക് കുടുംബശ്രീ മിഷൻ, ബാങ്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ സാമ്പത്തിക സഹായവും മൃഗ സംരക്ഷണ വകുപ്പ് സാങ്കേതിക സഹായവും നൽകുന്നു.

**സഫലം കശുവണ്ടി പദ്ധതി** : കാസർകോട് ജില്ലയിൽ നടപ്പിലാക്കിയ സഫലം കശുവണ്ടി പദ്ധതിക്ക് സാങ്കേതിക സഹായം, എൻ.ആർ.സി.സി പുത്തൂർ, CFTRI മൈസൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ഫണ്ട്, കുടുംബശ്രീ മിഷൻ, ബാങ്കുകൾ തുടങ്ങിയവയിൽ നിന്നും ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം 3

| ക്രമ നമ്പർ | ജില്ല | പ്രോജക്ട് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | നേന്ത്രൻ<br>ഹരിതശ്രീ | 15025<br>7790 |
| 2. | കൊല്ലം | നെടുമ്പന അപ്പാരൽ പാർക്ക് | 46 |
| 3. | പത്തനംതിട്ട | മധുരം തേൻ പ്രോജക്ട് | 2100 |
| 4. | ആലപ്പുഴ | മാരാരി മഷ്റൂം | 300 |
| 5. | കോട്ടയം | ഓർണമെന്റൽ ഫിഷ് | 200 |
| 6. | ഇടുക്കി | ക്ഷീരസാഗരം<br>പൂമാല നേച്ചർഫ്രഷ് (മുട്ട) | 650<br>1360 |
| 7. | എറണാകുളം | ഹരിതം<br>തിരുമധുരം | 5125<br>2500 |
| 8. | തൃശൂർ | നിവേദ്യം | 500 |
| 9. | കോഴിക്കോട് | വി.കെ.സി ഫുട് വെയർ അപ്പർ<br>ബാലുശേരി സേവന വെജിറ്റബിൾ പ്രോജക്ട് | 120<br>800 |
| 10. | കണ്ണൂർ | ആടുഗ്രാമം | 2800 |
| 11. | കാസർകോട് | സഫലം കാഷ്യൂനട്ട് പ്രോജക്ട് | 130 |

സെക്ഷൻ ഓഫീസർ

അനുബന്ധം 4

| ക്രമ നമ്പർ | ജില്ല | പ്രോജക്ട് | ഒരു ഗുണഭോക്താവിന്റെ വാർഷിക വരുമാനം |
|---|---|---|---|
| 1. | തിരുവനന്തപുരം | നേന്ത്രൻ<br>ഹരിതശ്രീ | 64000<br>30000 |
| 2. | കൊല്ലം | നെടുമ്പന അപ്പാരൽ പാർക്ക് | 30000 |
| 3. | പത്തനംതിട്ട | മധുരം തേൻ പ്രോജക്ട് | 12500 |
| 4. | ആലപ്പുഴ | മാരാരി മഷ്റൂം * | |
| 5. | കോട്ടയം | ഓർണമെന്റൽ ഫിഷ് | 80000 |
| 6. | ഇടുക്കി | ക്ഷീരസാഗരം<br>പൂമാല നേച്ചർഫ്രഷ് (മുട്ട) | 35000<br>3600 |
| 7. | എറണാകുളം | ഹരിതം<br>തിരുമധുരം | 30000<br>27731 |
| 8. | തൃശൂർ | നിവേദ്യം | 12000 |
| 9. | കോഴിക്കോട് | വി.കെ.സി ഫുട് വെയർ അപ്പർ | 54000 |
| 10. | കണ്ണൂർ | ആടുഗ്രാമം | 24000 |
| 11. | കാസർകോട് | സഫലം കാഷ്യൂനട്ട് പ്രോജക്ട് | 44400 |

* മാരാരി മഷ്റൂം ഉത്പാദനം ആരംഭിച്ചിട്ടുണ്ട്. 6 യൂണിറ്റുകളിൽ നിന്നും ശരാശരി 20 കിലോ പാൽക്കൂൺ ഉത്പാദിപ്പിക്കുകയും പ്രാദേശികമായി കിലോയ്ക്ക് 150/- രൂപയ്ക്ക് വിൽപ്പന നടത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം: നം. 42 08.02.2010 - ൽ മറുപടിക്ക്.

## ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. എ.സി. മൊയ്തീൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| എ. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ. ഈ സർക്കാർ സംസ്ഥാനത്ത് പുതുതായി 16 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ തുറന്നു പ്രവർത്തനം ആരംഭിക്കുകയുണ്ടായി. കല്ലൂർക്കാട്, പരവൂർ, പേരാവൂർ, പെരിങ്ങോം, മണ്ണാർക്കാട്, പൂവാർ, വടക്കാഞ്ചേരി, നാദാപുരം, ഉപ്പള, ശാസ്താംകോട്ട, കൊട്ടാരക്കര, ഇരിട്ടി, കൊടുവള്ളി, മാള, പുതുക്കാട്, കുറ്റിക്കോൽ എന്നിവയാണ്. ഇതുകൂടാതെ ടെക്നോപാർക്ക് (തിരുവനന്തപുരം), ഏലൂർ (എറണാകുളം) എന്നിവിടങ്ങളിൽ പുതുതായി രണ്ടു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ കൂടി ഉടനെ തുറന്നു പ്രവർത്തനമാരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു.<br>സംസ്ഥാനത്ത് കോട്ടയം, പാലക്കാട് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി 2 പുതിയ ഡിവിഷണൽഓഫീസുകൾ യഥാക്രമം 23.11.2010, 01.12.2010 തീയതികളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

തൃശ്ശൂർ വിയ്യൂരിൽ 620 ലക്ഷം രൂപ ചെലവുചെയ്ത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമി കെട്ടിടം നിർമ്മിക്കുകയും 04.06.2007 - മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഇവിടെ ജീവനക്കാർക്ക് അഗ്നിശമന പ്രവർത്തനങ്ങളിലും രക്ഷാ പ്രവർത്തനങ്ങളിലും അത്യന്താധുനിക രീതിയിലുള്ള പരിശീലനം നൽകി വരുന്നു. ജീവനക്കാർക്ക് സ്വിമ്മിംഗിലും ഡൈവിംഗിലും പരിശീലനം നൽകുന്നതിനായി 100 ലക്ഷം രൂപ ചെലവുചെയ്ത് നിർമ്മിക്കുന്ന സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

പിറവം, സുൽത്താൻ ബത്തേരി, ചാമക്കട, തൃശ്ശൂർ, മണ്ണാർക്കാട്, കുറ്റിക്കോൽ എന്നിവിടങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മിക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ പ്രവർത്തനം സുഗമമാക്കുന്നതിലേക്കായി ആധുനിക ഉപകരണങ്ങൾ 3,02,96,197/-രൂപയ്ക്ക് വാങ്ങുകയുണ്ടായി. 2009-2010 സാമ്പത്തിക വർഷത്തിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് റവന്യൂ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 10 കോടി രൂപ ലഭിക്കുകയും ഈ തുക ഉപയോഗിച്ച് ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങി വിവിധ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലേക്ക് അനുവദിച്ച് നൽകിയിട്ടുമുണ്ട്. തൃശ്ശൂർ നിലയത്തിൽ അത്യാവശ്യ രക്ഷാ

ഉപകരണങ്ങൾ വാങ്ങുന്നതിനായി 32.28 ലക്ഷം രൂപ ദുരിത നിവാരണ ഫണ്ടിൽ നിന്നും അനുവദിച്ചു. ഇതു പ്രകാരം ഉപകരണങ്ങൾ വാങ്ങി തൃശ്ശൂർ നിലയത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.

നടപ്പു വർഷം ആധുനിക വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് 9.30 കോടി രൂപ പ്ലാൻ സ്കീമിലും One time central assistance ആയി 22.50 കോടി രൂപയും ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 10 കോടി രൂപയും അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

<u>ഹോംഗാർഡുകളുടെ പ്രവർത്തനം</u>

സംസ്ഥാനത്തെ ഹോം ഗാർഡുകളുടെ പ്രവർത്തനം പുനർ ജീവിപ്പിച്ചു. 3000 ഹോം ഗാർഡുകളെ നിയമിച്ചു. തെരഞ്ഞെടുക്കപ്പെട്ടവർക്ക് വേണ്ടി ഘട്ടം ഘട്ടമായി ട്രെയിനിംഗ് നൽകി. ഹോം ഗാർഡുകളുടെ പ്രവർത്തനത്തിനായി 2009 - 2010 സാമ്പത്തിക വർഷം 5 കോടി രൂപയും നടപ്പ് വർഷം 22.8 കോടി രൂപയും അനുവദിക്കുകയുണ്ടായി.

9 സ്റ്റേഷൻ ഓഫീസർമാർക്കും 671 ഫയർമാൻ മാർക്കും പരിശീലനം നൽകി ഈ വകുപ്പിൽ നിയമിക്കുകയുണ്ടായി.

398 ലീഡിംഗ് ഫയർമാൻ മാർക്കും, 19 ഡ്രൈവർ മെക്കാനിക്ക്

| | | | |
|---|---|---|---|
| | | | മാർക്കും അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസേഴ്സ് കോഴ്സിലും 325 ഫയർമാൻ മാർക്ക് ലീഡിംഗ് ഫയർമാൻ കോഴ്സിലും പരിശീലനം നൽകിയിട്ടുണ്ട്. കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിലെ 30 ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർമാർക്ക് ഡ്രൈവർ മെക്കാനിക്കായി പ്രൊമോഷൻ നൽകുന്നതിന് 6 മാസത്തെ ഡ്രൈവർ മെക്കാനിക്ക് കോഴ്സ് വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയിൽ 26.04.2010 മുതൽ നടത്തുകയുണ്ടായി.<br><br>15 ഓഫീസർമാരെ നാഷണൽ ഫയർ സർവ്വീസ് കോളേജ്, നാഗ്പൂരിലേക്ക് സ്റ്റേഷൻ ഓഫീസേഴ്സ് ആന്റ് ഇൻസ്ട്രക്ടേഴ്സ് കോഴ്സിന് അയച്ചു പരിശീലനം പൂർത്തിയാക്കുകയുണ്ടായി. |
| ബി. | എല്ലാ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലും അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | ബി. | ഉണ്ട് |
| സി. | നവീകരണപ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ ഈ വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട് ; | സി. | 22.50 കോടി രൂപ |
| ഡി. | ബഹുനില കെട്ടിടങ്ങൾ പണിയുന്നതിന് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ എൻ.ഒ.സി. നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | ഡി. | ഉണ്ട്. 15 മീറ്റർവരെ ഉയരമുള്ള കെട്ടിടങ്ങൾക്കുള്ള എൻ.ഒ.സി. ഡിവിഷണൽ ഓഫീസർമാർ/അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർമാർ എന്നിവർക്ക് പരിശോധന നടത്തി നൽകാവുന്നതാണ്. അപാകതകളില്ലാത്ത അപേക്ഷയിൻമേൽ കാലതാമസമില്ലാതെ എൻ.ഒ.സി. നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ. | ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ആകാശ ലിഫ്റ്റും, ഹെലികോപ്റ്ററും വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | ഇ. | ഉണ്ട്. ആകാശ ലിഫ്റ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 43 08.02.2011 - ലെ മറുപടിക്ക്

## നാലാം ധനകാര്യ കമ്മീഷൻ ശുപാർശകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.പി.മുഹമ്മദ്,<br>ശ്രീ.എം.എ.വാഹീദ്,<br>ശ്രീ.എൻ.ശക്തൻ,<br>ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ.പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്ക് നികുതി വരുമാനത്തിന്റെ വിഹിതമായി നൽകുന്ന തുകയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (എ) | സംസ്ഥാന ധനകാര്യ കമ്മീഷൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷനാണ്. കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന്റെ പരിഗണന യിലാണ്. റിപ്പോർട്ടും നടപടി റിപ്പോർട്ടും സംസ്ഥാന നിയമസഭയിൽ സമർപ്പിക്കുന്നതാണ്. |
| (ബി) ഇക്കാര്യത്തിൽ നാലാം ധനകാര്യ കമ്മീഷൻ എന്തൊക്കെ ശുപാർശകളാണ് നൽകിയിരുന്നതെന്ന് വ്യക്ത മാക്കുമോ ; | (ബി) | |
| (സി) ഈ നിർദ്ദേശങ്ങളിൽ എന്തൊക്കെയാണ് അംഗീകരിച്ചിട്ടുള്ളത് ; | (സി) | |
| (ഡി) നിലവിൽ ലഭിക്കുന്നതിനെക്കാൾ എത്ര കോടി രൂപ അധികം ലഭ്യമാക്കാൻ കഴിയുംവിധമാണ് ധനകാര്യ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ഡി) | |
| (ഇ) നികുതി വിഹിതം നൽകുന്നതിനു പുറമേ അധികാര വികേന്ദ്രീകരണ ത്തെക്കുറിച്ച് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് നാലാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്ന തെന്നറിയിക്കുമോ ? | (ഇ) | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 44

08.02.2011-ൽ
മറുപടിയ്ക്കു്

## "ശബരിമല ക്ഷേത്രത്തിന്റെയും ഭക്തജനങ്ങളുടെയും സുരക്ഷക്കായുള്ള നടപടികൾ"

ചോദ്യം
ശ്രീ.പി.സി. ജോർജ്ജ് :
ശ്രീ.ജോസഫ് എം. പുതുശ്ശേരി :
ശ്രീ.റോഷി അഗസ്റ്റിൻ :
ശ്രീ.തോമസ് ചാഴികാടൻ :

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ശബരിമല പുണ്യ ക്ഷേത്രത്തിൽ ദർശനം നടത്തുന്ന ഭക്തജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും മുൻഗണന നൽകാനോ, ക്ഷേത്രത്തിന്റെ പരിപാവനത മുൻനിർത്തിയുള്ള ഭരണം നടത്താനോ നിലവിലുള്ള സംവിധാനങ്ങൾക്ക് സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ;

(എ) ശബരിമല തീർത്ഥാടകരുടെ ക്ഷേമത്തിനും, സുരക്ഷിതത്വത്തിനും മുൻഗണന നൽകിക്കൊണ്ട് ക്ഷേത്രത്തിന്റെ പരിപാവനത ഉറപ്പാക്കിയും സർക്കാർ എല്ലാ വർഷവും മുൻകൈയെടുത്ത് പോലീസ്, വനം, ആരോഗ്യം, ജലവിഭവം, കെ.എസ്.ആർ.ടി.സി., ഫയർഫോഴ്സ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ജില്ലാ ഭരണ കൂടങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങി വിവിധ വകുപ്പുകളുടെയും ദേവസ്വം ബോർഡിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ക്രമീകരണങ്ങൾ ഉറപ്പുവരുത്താറുണ്ട്. ശബരിമലയുടെ സുരക്ഷയ്ക്കായി പോലീസും ദേവസ്വം ബോർഡും ചേർന്ന് 4.72 കോടി രൂപയുടെ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. തീർത്ഥാടകരുടെ സുരക്ഷിതത്വവും സൗകര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള വികസന പ്രവർത്തികൾ ത്വരിതപ്പെടുത്തുവാൻ ഹൈപവർ കമ്മിറ്റിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ക്ഷേത്ര പരിപാവനത ഉറപ്പുവരുത്തിക്കൊണ്ടുള്ള ഭരണം തന്നെയാണ് ദേവസ്വം ബോർഡ് നടത്തി വരുന്നത്.

| | | | |
|---|---|---|---|
| (ബി) | ശബരിമല ക്ഷേത്രത്തിന് തീവ്രവാദ ഭീഷണി നിലനിൽക്കുന്നുവെന്ന് ഏതെങ്കിലും സുരക്ഷാ ഏജൻസി മുന്നറിയിപ്പ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ഇല്ല. |
| (സി) | ശബരിമല ക്ഷേത്രത്തിന്റെയും പൂങ്കാവനത്തിന്റെയും അതിസുരക്ഷ കണക്കിലെടുത്ത് പ്രസ്തുത പ്രദേശത്തിന്റെ പ്രധാന ഭാഗം കേന്ദ്ര സർക്കാരിന് കൈമാറി പട്ടാളത്തെ ഏൽപ്പിച്ച് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | പരിഗണനയിലില്ല. |

Sulathasan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 45 8/02/2011-ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ:<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. എം.കെ. പുരുഷോത്തമൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് സർക്കാർ /എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന നഴ്സറിതലം തുടങ്ങി പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ബിരുദാനന്തരതലം വരെയുള്ള വിവിധ കോഴ്സുകൾക്കും വിവിധ ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾക്കും പഠിക്കുന്ന മത്സ്യത്തൊഴിലാളി വിഭാഗം വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും, കോഴ്സിന്റെ സ്വഭാവമനുസരിച്ച് വിവിധനിരക്കുകളിൽ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. നൂറു രൂപ മുതൽ 2065 രൂപവരെയാണ് ലംപ്സംഗ്രാന്റ് നിരക്കുകൾ. 50 രൂപമുതൽ 470 രൂപ വരെ സ്റ്റൈപ്പന്റ് നൽകുന്നുണ്ട്. മെഡിക്കൽ, എൻജിനീയറിംഗ്, അഗ്രികൾച്ചറൽ തുടങ്ങിയ എൻട്രൻസ് പരീക്ഷ പാസ്സായി വരുന്ന കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 120 രൂപ നിരക്കിലും, ഡിപ്ലോമയും അതിനു താഴെയുമുള്ള കോഴ്സുകൾ പഠിക്കുന്നവർക്ക് 100 രൂപയും പ്രീ മെട്രിക് കോഴ്സിന് പഠിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റൽ അന്തേവാസികൾക്ക് 70 രൂപയുമാണ് പോക്കറ്റ് മണിയായി നൽകുന്നത്. |
| (ബി) പട്ടിക വിഭാഗം വിദ്യാർത്ഥികൾക്കു നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്ക് നൽകുന്നുണ്ടോ ; | (ബി) : പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് പട്ടികജാതിവികസന വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും സർക്കാർ / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്കും നൽകുന്നുണ്ട്. എന്നാൽ സ്വാശ്രയ കോളേജുകളിൽ സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്കു അഡ്മിഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്കു മാത്രമാണ് നിലവിൽ ആനുകൂല്യം നൽകി വരുന്നത്. മറ്റു കോഴ്സുകൾക്കുകൂടി അതേ ആനുകൂല്യം നല്കാനുള്ള ഉത്തരവു പുറപ്പെടുവിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

| | |
|---|---|
| (സി) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ സ്കൂൾ തലത്തിലെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; കൊഴിഞ്ഞുപോക്ക് തടയുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) : കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻകാലങ്ങളെ അപേക്ഷിച്ച് മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നു കൂടുതൽ കുട്ടികൾ വിദ്യാഭ്യാസത്തിനായി മുന്നോട്ടു വരുന്നുണ്ട്. |
| (ഡി) ഫിഷറീസ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | ഫിഷറീസ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) മത്സ്യത്തൊഴിലാളി കുട്ടികൾക്കായി കേന്ദ്ര സർക്കാർ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | മത്സ്യത്തൊഴിലാളി കുട്ടികൾക്കായി കേന്ദ്രസർക്കാർ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 46 | 08.02.2011-ൽ **മറുപടിയ്ക്ക്**

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ.ടി.എൻ. പ്രതാപൻ : | | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം പണപ്പെരുപ്പവുമായി ബന്ധപ്പെടുത്തി പുന:ക്രമീകരിക്കാൻ കേന്ദ്രസർക്കാർ എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | എ. | കേന്ദ്രസർക്കാരിന്റെ 14-01-2011-ലെ എസ്.ഒ.82(ഇ) വിജ്ഞാപന പ്രകാരം കേരത്തിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം 150 രൂപയായി ഉയർത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| ബി. | സംസ്ഥാനത്തെ ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് അവരുടെ വേതനത്തിൽ എത്ര ശതമാനം വർദ്ധനയാണ് ഇതുമൂലം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ ; | ബി. | 20% വേതന വർദ്ധനവാണ് പുതിയ വിജ്ഞാപന പ്രകാരം ഉണ്ടായിട്ടുള്ളത്. |
| സി. | ഉപഭോക്തൃ വിലനിലവാര സൂചികയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ ജോലിനോക്കുന്ന തൊഴിലാളികൾക്ക് എത്ര ശതമാനം കൂലി വർദ്ധന ലഭ്യമാക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നത് ; | സി. | സംസ്ഥാനത്തെ കർഷക തൊഴിലാളികളുടെ പ്രതിദിന മിനിമം വേതനമായ 200 രൂപയായി, തൊഴിലുറപ്പ് പദ്ധതിയിലെ വേതനവും വർദ്ധിപ്പിക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്. |
| ഡി. | ഇത്തരത്തിൽ വർദ്ധിപ്പിച്ച വേതനം എന്നുമുതൽ തൊഴിലാളികൾക്ക് ലഭ്യമാക്കും എന്നറിയിക്കുമോ ; | ഡി. | 01-01-2011 മുതൽ തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെട്ടിട്ടുള്ളവരും എന്നാൽ വേതനം ലഭിച്ചിട്ടില്ലാത്തവരുമായ തൊഴിലാളികൾക്ക് 01-01-2011 മുതലും, മറ്റു തൊഴിലാളികൾക്ക് 02-02-2011 മുതലും 150 രൂപ നിരക്കിൽ വേതനം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻപ് വേതനം പറ്റിയവർക്ക് 1-1-2011 മുതൽക്കുള്ള കുടിശ്ശിക നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ. | ഈ മേഖലയിലെ തൊഴിലാളികൾക്ക് അധിക വേതനം നൽകുന്നതിന് ഇതു വരെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ? | ഇ. | 14-01-2011-ൽ കേന്ദ്രസർക്കാർ പുതുക്കിയ വേതനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചുവെങ്കിലും 2011 ഫെബ്രുവരി 1-നു മാത്രമാണ് പുതുക്കിയ നിരക്കിൽ വേതനം വിതരണം ചെയ്യുന്നതിനുള്ള സൗകര്യം കേന്ദ്ര സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എം.ഐ.എസ്.-ൽ ലഭ്യമാക്കിയത്. അതിനാൽ പുതുക്കിയ നിരക്കിൽ തൊഴിലാളികൾക്ക് അധിക വേതനം നൽകുന്നത് സംബന്ധിച്ച് 02-02-2011-ൽ സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അധിക വേതനത്തിന് തുക ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 47 — 08.02.2011-ൽ മറുപടിയ്ക്ക്

## ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ.സി.കെ.പി.പത്മനാഭൻ | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | കേരളത്തിന്റെ പാരമ്പര്യ ആയുർവേദ ചികിത്സാ രീതി പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം കേന്ദ്രങ്ങളിൽ ആയുർവേദ സെന്ററുകൾ ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷനോടെ പ്രവർത്തിച്ചു വരുന്നു. |
| ബി) | ഹെൽത്ത് ടൂറിസം രംഗത്ത് കഴിഞ്ഞ രണ്ടു വർഷ കാലയളവിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | ബി) | ആയുർവേദ ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിന്റേയും പൊതുവേ ഓഫ് സീസണായ മൺസൂൺ കാലത്തുള്ള ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിലേക്ക് വേണ്ടിയും ഹോട്ടലുകൾ, ആയുർവേദ സെന്ററുകൾ , മറ്റു സർവ്വീസ് ദാതാക്കൾ തുടങ്ങിയവരെ ഉൾപ്പെടുത്തി വിവിധ പരസ്യ പ്രചാരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി ഈ കാലയളവിൽ കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്കായി ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | ഇതുമായി ബന്ധപ്പെട്ട ആശുപത്രികളിൽ ഉന്നത നിലവാരത്തിലുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | സി) യും ഡി) യും | നിലവിൽ ആയുർവേദ ചികിത്സാ സമ്പ്രദായം പ്രചരിപ്പിക്കുന്നതിനാണ് വകുപ്പ് പ്രാധാന്യം നൽകി വരുന്നത്. |
| ഡി) | ഹെൽത്ത് ടൂറിസവുമായി സഹകരിക്കുന്ന ആശുപത്രികളിൽ ലഭ്യമായ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളെക്കുറിച്ചും ആശുപത്രി ചെലവുകളെ സംബന്ധിച്ചും പ്രചാരണം നടത്താൻ നടപടി സ്വീകരിക്കുമോ? | | |

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.48 — 08-02-2011-ൽ മറുപടിക്ക്.

## സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. വി. ശ്രേയാംസ് കുമാർ,<br>ശ്രീ. കെ.പി. മോഹനൻ,<br>ശ്രീ. എം.കെ. പ്രേംനാഥ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) സംസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ കേസുകൾ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>2) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു. കൂടുതൽ സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള സൈബർ കേസുകൾ ലോക്കൽ സ്റ്റേഷനുകളിൽ നിന്ന് ട്രാൻസ്ഫർ ചെയ്ത് കിട്ടുന്നത് ഇവിടെ അന്വേഷിച്ചു വരുന്നു.<br><br>3) പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും, സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് ക്രൈം |

ഇൻക്വയറി സെൽ പ്രവർത്തനം ആരംഭി ക്കുകയും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ **അന്വേ**ഷണത്തിന് സഹായം നൽകി വരുകയും **ചെയ്**തു വരു ന്നുണ്ട്.

4) ജില്ലകളിൽ ജില്ലാ / സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് ജില്ലാ സൈബർ സെല്ലുകൾ പ്രവർത്തിച്ചു വരു ന്നുണ്ട്.

5) സൈബർ കുറ്റ കൃത്യങ്ങൾ തടയുന്ന തിന്റെ ഭാഗമായി പത്ര മാധ്യമങ്ങളിലൂടെയും ദൃശ്യ മാ ധ്യമങ്ങളിലൂടെയും സ്ക്കൂൾ കോളേജ് തലത്തിൽ മീറ്റിംഗുകൾ, സ്റ്റഡി ക്ലാസുകൾ മുഖേനയും പൊതുജനങ്ങളെ സൈബർ നിയമത്തെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും ബോധവൽക്ക രണം നടത്തി വരുന്നു.

(സി) സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രി ക്കുന്നതിനുള്ള നടപടികൾക്കായി ലഭ്യമായ കേന്ദ്ര സഹായം എത്ര യെന്ന് വ്യക്തമാക്കുമോ ?

(സി) പോലീസ് ആധുനിക വൽക്കരണ പദ്ധതി പ്രകാരം ആകെ 79 ലക്ഷം രൂപ ലഭ്യമായിട്ടു ണ്ട്. ഇതിനുപുറമെ സൈബർ ഫോറൻ സിക് & ഡിജിറ്റൽ അനാലിസിസ് സെന്റർ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർ ക്കാർ 168.2 ലക്ഷം രൂപ സി-ഡാക്കിന് നേരിട്ട് നൽകിയിട്ടുണ്ട്.

7/12/2011

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ - പതിനേഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 49 8/02/2011-ൽ മറുപടിയ്ക്ക്

## സമഗ്ര തീരവികസന പരിപാടി

ചോദ്യം മറുപടി

ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. എ.എം. ആരിഫ്
ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി
ശ്രീ. എം.പ്രകാശൻ മാസ്റ്റർ

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) : തീരദേശ മേഖലയുടെ വികസനം ലക്ഷ്യമാക്കി സർക്കാർ ആവിഷ്ക്കരിച്ച സമഗ്ര തീരവികസന പരിപാടിയുടെ വിശദാംശം നൽകുമോ ; | (എ) : തീരദേശ മേഖലയുടെ അടിസ്ഥാന സാമൂഹിക, സാമ്പത്തിക വികസനമുൾപ്പെടെ സമഗ്രമായ വികസനം ഉറപ്പു വരുത്തുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് സമഗ്ര തീരദേശ വികസന പദ്ധതി. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.<br>കുടിവെള്ള വിതരണം, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ, അംഗൻവാടികൾ, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഗൈഡ് ലൈറ്റുകൾ, മത്സ്യ മാർക്കറ്റ് തുടങ്ങി വിവിധങ്ങളായ പദ്ധതികളാണ് കാസർഗോഡ്, കണ്ണൂർ, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലായി സമഗ്ര തീരദേശ വികസന പദ്ധതി പ്രകാരം നടപ്പാക്കുന്നത്. ഇതു കൂടാതെ തീരദേശമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി മത്സ്യമേഖലയിൽ ഇതുവരെ 3092.34 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം, റോഡുകളുടെ നിർമ്മാണം, ലാന്റിംഗ് സെന്ററുകൾ, സുനാമി പദ്ധതികൾ തുടങ്ങിയവ ഉൾപ്പെടുന്നു. |
| (ബി) പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം പൂർത്തിയാക്കിയ പരിപാടികൾ ഏതെല്ലാമാണ് ; | (ബി) : ഈ പദ്ധതികളുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ കുടിവെള്ള വിതരണം, തീരദേശ റോഡുകൾ, ഫിഷ്ലാന്റിംഗ് സെന്ററുകൾ, ഫിഷറീസ് സ്കൂളുകളുടെ നവീകരണം, മത്സ്യ വിജ്ഞാന കേന്ദ്രങ്ങൾ, ബയോഗ്യാസ് പ്ലാന്റ്, ഗൈഡ് ലൈറ്റുകൾ, ഫിഷ് മാർക്കറ്റുകൾ എന്നീ ഇനങ്ങളിലായി 27 പ്രോജക്ടുകൾ ഏറ്റെടുത്തതിൽ 19 എണ്ണവും പൂർത്തിയാക്കിയിട്ടുണ്ട്. 8 പദ്ധതികൾ അന്തിമഘട്ടത്തിലാണ്. ആകെ 6.2 കോടി രൂപ അടങ്കൽ തുകയിൽ 6.105 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.<br>സമഗ്ര തീരദേശ വികസന പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 5 കോടി രൂപ അടങ്കൽ വരുന്ന 27 പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. കുടിവെള്ള പദ്ധതികൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, പബ്ലിക് ഹെൽത്ത് സെന്ററുകൾ, ബയോഗ്യാസ് പ്ലാന്റ്, അംഗൻവാടികൾ എന്നീ ഇനങ്ങളിലായി 14 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. നാളിതുവരെ 351 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. |

| | |
|---|---|
| | തൃശ്ശൂർ ജില്ലയിൽ സമഗ്ര തീരദേശ വികസന പദ്ധതി പ്രകാരം 44 പദ്ധതികൾക്കായി 5 കോടി രൂപയ്ക്കുള്ള ഭരണാനുമതി സർക്കാർ നൽകിയിരുന്നു. 2010-11 വർഷത്തിൽ എറണാകുളം ജില്ലയിൽ നാളിതുവരെ **4.63** കോടി രൂപ അടങ്കൽ വരുന്ന 56 പദ്ധതികൾക്കും **ആലപ്പുഴ** ജില്ലയിൽ 3.47 കോടി രൂപ അടങ്കൽ വരുന്ന 28 പദ്ധതികൾക്കും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 9.8 കോടി രൂപ അടങ്കൽ വരുന്ന കുടിവെള്ള പദ്ധതികളും എറണാകുളം, ആലപ്പുഴ ജില്ലകളിൽ നടപ്പാക്കുന്നു. മേൽ പ്പറഞ്ഞ പദ്ധതികൾ എല്ലാം തന്നെ ധൃതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതു കൂടാതെ സുനാമി പുനരധിവാസ പദ്ധതി പ്രകാരം 1378 കോടി രൂപയും, ഹാർബറുകൾ നിർമ്മിക്കുന്നതിനും, അവയുടെ നവീകരണത്തിനുമായി 469 കോടി രൂപയും വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി 30 കോടി രൂപയും, മത്സ്യഫെഡ് വഴി 152.89 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) : മൊത്തം എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത് ; | (സി) : കാസർഗോഡ് ജില്ലയിൽ 6.2 കോടി രൂപയ്ക്കുള്ള പദ്ധതി, കണ്ണൂർ ജില്ലയിൽ 5 കോടി രൂപയ്ക്കുള്ള പദ്ധതി, തൃശ്ശൂർ ജില്ലയിൽ 5 കോടി രൂപയ്ക്കുള്ള പദ്ധതി, എറണാകുളം ജില്ലയിൽ 5 കോടി രൂപയ്ക്കുള്ള പദ്ധതി, ആലപ്പുഴ ജില്ലയിൽ 3.8 കോടി രൂപയ്ക്കുള്ള പദ്ധതി, ആലപ്പുഴ, എറണാകുളം ജില്ലകളിൽ കുടിവെള്ള പദ്ധതികൾക്കായി 9.8 കോടി രൂപ എന്നിങ്ങനെ മൊത്തം 34.8 കോടി രൂപയുടെ പദ്ധതികളാണ് സമഗ്ര തീരദേശ വികസന പദ്ധതിപ്രകാരം നടപ്പാക്കുന്നത്. ഇതുവരെ തീരദേശ മേഖലയുടെ വികസനത്തിനായി 3092.34 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. |
| (ഡി) : ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ മേഖലയിലെ വികസനപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുവാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി രൂപം നൽകിയ പദ്ധതിയാണ് സമഗ്ര തീരദേശ വികസന പദ്ധതി. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന ഈ പദ്ധതിയിൽ കുടിവെള്ള വിതരണം, ആരോഗ്യം എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് കുടിവെള്ള പദ്ധതികൾ, ആരോഗ്യ കേന്ദ്രങ്ങൾ, മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, സ്കൂളുകൾ, അംഗൻവാടികൾ, മത്സ്യ വിജ്ഞാന കേന്ദ്രങ്ങൾ, ബയോഗ്യാസ് പ്ലാന്റ്, മത്സ്യമാർക്കറ്റുകൾ മുതലായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് രൂപകല്പന ചെയ്തിട്ടുള്ളത്.<br>2007-08-ൽ കാസർഗോഡ് ജില്ലയിലെ തീരദേശ വികസനത്തിനായി 6.2 കോടി രൂപ അനുവദിച്ചുകൊണ്ടാണ് സർക്കാർ ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്.<br>കാസർഗോഡിന് പുറമെ 2008-09 വർഷം കണ്ണൂർ ജില്ലയിലും, 2009-10-ൽ തൃശ്ശൂർ ജില്ലയിലും, 5 കോടി രൂപ വീതം അടങ്കൽ വരുന്ന പദ്ധതികളും 2010-11 വർഷം എറണാകുളം, ആലപ്പുഴ ജില്ലകളിൽ 8.1 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളുമാണ് നടപ്പാക്കി വരുന്നത്. |

| | |
|---|---|
| | ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന കാസർഗോഡ് ഫിഷിംഗ് ഹാർബർ പദ്ധതിക്ക് നാളിതുവരെ 300 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, ആലുവ, പത്തനംതിട്ട, നോർത്ത് പറവൂർ, മൂവാറ്റുപുഴ, ബ്രോഡ്‌വേ എന്നിവിടങ്ങളിലായി ആധുനിക സൗകര്യങ്ങളുള്ള 6 **മത്സ്യ** മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 2010-11 വർഷം **ദേശീയ** മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ ആകെ 1340 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതി നടപ്പാക്കി വരുന്നു. സംസ്ഥാന സർക്കാർ വിഹിതമായി ആകെ 144.5 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 193.76 കോടി രൂപ ചെലവിൽ കൊയിലാണ്ടി, തലായ്, ചെത്തി, അർത്തുങ്കൽ (ഒന്നാം ഘട്ടം), ചെല്ലാനം, കാസർഗോഡ്, ചേറ്റുവ, ചെറുവത്തൂർ എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ആരംഭിച്ചു. ഉൾനാടൻ മേഖലയിൽ 25 ഫിഷ് ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ ആദ്യഘട്ടമായി 14 എണ്ണത്തിന്റെ നിർമ്മാണം ആരംഭിച്ചു. ഇതിൽ മുഹമ്മ, സാമ്പ്രാണിക്കോടി, ബേക്കൽ, മുസോഡി, കോയിപ്പാടി, പൂഞ്ചാവി, അജാനൂർ, വൈപ്പിൻ, ചാത്തനാട് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. 18.1 കോടി രൂപ ചെലവിൽ നീണ്ടകര, തങ്കശ്ശേരി, കായംകുളം, പുതിയാപ്പ എന്നീ മത്സ്യ ബന്ധന തുറമുഖങ്ങളുടെ നവീകരണ പദ്ധതിക്ക് തുടക്കം കുറിച്ചു. 97.5 കോടി രൂപ ചെലവഴിച്ചു. 516 തീരദേശ റോഡുകൾ പൂർത്തിയാക്കിവരുന്നു. |
| (ഇ) : കുടിവെള്ളം, വൈദ്യുതി, പാർപ്പിടം, തീരദേശ റോഡുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | കുടിവെള്ളം, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള വിവിധ പദ്ധതികൾ വിവിധ ജില്ലകളിലായി സമഗ്ര തീരദേശ വികസന പദ്ധതിപ്രകാരം തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്നു. പാർപ്പിടം, തീരദേശ റോഡുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള പദ്ധതികൾ ഫിഷറീസ്, ഹാർബർ എൻജിനീയറിംഗ് വകുപ്പുകൾ മുഖേന നടപ്പാക്കി വരുന്നുണ്ട്. |

Priya Kumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.50 — 8-2-2011-ന് മറുപടിക്ക്

<u>ബി.എസ്.യു.പി. പദ്ധതിയുടെ പുരോഗതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ വിവിധ നഗരങ്ങളിലെ ചേരിപരിഷ്കരണത്തിനായി കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ബി.എസ്.യു.പി. (Basic Service to Urban Poor People) പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി സംസ്ഥാന തലത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റും (പി.എം.യു), തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളും (പി.ഐ.യു) രൂപീകരിച്ചിട്ടുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ടുള്ള പ്രോജക്റ്റ് തയ്യാറാക്കൽ, നടത്തിപ്പ്, പദ്ധതി പുരോഗതി എന്നിവയിൽ നഗരസഭകളെ സഹായിക്കുന്നതിനും പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ടി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാന തലത്തിൽ ബി.എസ്.യു.പി. പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും പദ്ധതി അവലോകനം നടത്തിവരുന്നുണ്ട്. കൂടാതെ എല്ലാ മാസവും സംസ്ഥാന തലത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിലും, ജില്ലാ തലത്തിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ അദ്ധ്യക്ഷതയിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകന യോഗം നടത്തി വരുന്നുണ്ട്. ഇതു കൂടാതെ ബി.എസ്.യു.പി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി |

ഉദ്യോഗസ്ഥർക്കും സി.ഡി.എസ്. ഭാരവാഹികൾക്കും പരിശീലനം നൽകിയിട്ടുണ്ട്. ചെലവു കുറഞ്ഞ ഭവന രീതിയെക്കുറിച്ചുള്ള ടെക്നിക്കൽ മാനുവൽ മുതലായ പ്രത്യേകമായ ഇടപെടലുകളും കുടുംബശ്രീ നടത്തുന്നുണ്ട്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള സംവിധാനങ്ങൾ കൂടാതെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് ഐ.പി.ഒ. എം.എസ്. എന്ന വെബ് അധിഷ്ഠിത സംവിധാനം കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ പദ്ധതിയുടെ ഓരോ ഘടകങ്ങളെക്കുറിച്ചുള്ള പുരോഗതി യഥാസമയം അറിയാൻ കഴിയുന്നതാണ്. ബി.എസ്.യു.പി. പദ്ധതിയുടെ ഓരോ ഘട്ടത്തിലുമുള്ള പുരോഗതി വിലയിരുത്തുന്നതിന് കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാന തല തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ആന്റ് മോണിറ്ററിംഗ് ഏജൻസിയെ (ടി.പി.ഐ.എം.എ.)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ സെൻട്രൽ തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ആന്റ് മോണിറ്ററിംഗ് ഏജൻസിയായ 'WAPCOS' മുഖേന കേന്ദ്ര സർക്കാരും നേരിട്ട് പദ്ധതി പുരോഗതി വിലയിരുത്തിവരുന്നു.

ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്;

ബി) ബി.എസ്.യു.പി. പദ്ധതിയുമായി ബന്ധപ്പെട്ടു കേന്ദ്രസർക്കാർ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങളും സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

1. ഈ പദ്ധതിയുടെ പുരോഗതിയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം കേരളത്തിൽ തേർഡ് പാർട്ടി ഇൻസ്പെക്ഷൻ

ആന്റ് മോണിറ്ററിംഗ് ഏജൻസിയായി (ടി.പി.ഐ.എം.എ) ചെന്നൈയിലുള്ള മഹീന്ദ്ര എൻജിനിയറിംഗ് കൺസൽട്ടൻസിയെ നിയമിച്ചിട്ടുണ്ട്.

2. ഐ.പി.ഒ.എം.എസ്. എന്ന വെബ് അധിഷ്ഠിത സംവിധാനം പദ്ധതി പുരോഗതി വിലയിരുത്തുന്ന തിനായി കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുണ്ട്.
3. സെൻട്രൽ തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ആന്റ് മോണിറ്ററിംഗ് ഏജൻസിയായ 'WAPCOS' മുഖേനയും കേന്ദ്ര സർക്കാർ നേരിട്ട് പദ്ധതി പുരോഗതി വിലയിരുത്തിവരുന്നു.
4. BMPTC-യും HUDCO-യും പദ്ധതിയുടെ പുരോഗതി വിലയിരുത്താനായി പരിശോധന നടത്തി വരുന്നു.
5. പദ്ധതി നടപ്പിലാക്കിവരുന്ന നഗരസഭകളിലെ എൻജിനിയർമാർക്ക് ഗുണനില വാരം മെച്ചപ്പെടുത്തുന്ന തിനാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

| | |
|---|---|
| സി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്? | സി) പ്രസ്തുത പദ്ധതിയുടെ സംസ്ഥാനത്ത് നടത്തി വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ 2012 മാർച്ചോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 51

08/02/2011-ൽ മറുപടിക്ക്

## കുടുംബശ്രീയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീമതി. കെ.എസ്.സലീഖ | ശ്രീ. പാലോളി മുഹമ്മദ്കുട്ടി<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) വിവിധ മേഖലകളിലായി കുടുംബശ്രീ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| (ബി) കുടുംബശ്രീ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സാമ്പത്തിക ശാക്തീകരണ പദ്ധതികൾ<br>2. സൂക്ഷ്മ സ്വയം തൊഴിൽ വികസന പദ്ധതികൾ<br>3. പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ<br>4. സാമൂഹ്യ ശാക്തീകരണ പദ്ധതികൾ<br>5. സംഘടനാ ശാക്തീകരണം/ പരിശീലനപരിപാടി കൾ<br>6. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതി കൾ<br><br>(കൂടുതൽ വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു) |

| | |
|---|---|
| (സി) കാർഷികമേഖലയിൽ കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; സംഘ കൃഷിചെയ്യുന്ന ഗ്രൂപ്പുകൾക്ക് അനുവദിക്കുന്ന പലിശ സബ്സിഡിയുടെ വിശദാംശം നൽകുമോ; | (സി) സംഘകൃഷി, സമഗ്ര എന്നിവയാണ് കാർഷിക മേഖല കേന്ദ്രീകരിച്ച് കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തന ങ്ങൾ കാർഷിക ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ ലഘൂകരണം, വരുമാന വർദ്ധനവ്, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ ലക്ഷ്യത്തോടെ ഓരോ ജില്ലയിലും ഏതെങ്കിലും ഒരു കാർഷിക ഉൽപന്നത്തെയോ തൊഴിലിനേയോ അടിസ്ഥാ നമാക്കി പ്രാദേശിക ഉൽപാദന വിപണന ശൃംഖല സൃഷ്ടിക്കുന്ന പദ്ധതിയാണ് സമഗ്ര. കുടുംബശ്രീയുടെ സംഘകൃഷിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ഭക്ഷ്യ സുരക്ഷ പ്രവർത്തനങ്ങളുമായി സമന്വയി പ്പിച്ച് നെല്ല്, പച്ചക്കറി, വാഴ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ ജില്ലകളിൽ വ്യാപകമായി കൃഷി ചെയ്തു വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സിഡിഎസ് ആക്ഷൻ പ്ലാൻ പ്രകാരം ലഭ്യമാക്കുന്ന തരിശുഭൂമി കൃഷിയോഗ്യമാക്കാൻ കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (സംഘകൃഷി ഗ്രൂപ്പുകൾ) വഴി പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനായി സംഘകൃഷി ഗ്രൂപ്പുകൾക്ക് പഞ്ചായത്തുകളിൽ നിന്ന് പരിശീലനവും, വിത്ത്, വളം, കീടനാശിനി, യന്ത്രസാമഗ്രികൾ തുടങ്ങിയ ഉൽപാദ നോപാധികൾ നൽകുകയും ഉൽപ്പന്നങ്ങൾ ക്കായുള്ള വിപണി ഒരുക്കുകയും ചെയ്യുന്നു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നിലം ഒരുക്കൽ, ജലസേചനം എന്നീ സഹായങ്ങൾ നൽകിവരുന്നു. സംഘകൃഷി ഗ്രൂപ്പുകൾക്ക് കുടുംബശ്രീയിൽ നിന്നും വിസ്തൃതി ഉൽപാദന ബോണസ് നൽകുന്നു. സംഘകൃഷി ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പക്ക് 5% പലിശ സബ്സിഡിയും നൽകുന്നുണ്ട്. |

| | |
|---|---|
| (ഡി) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്ക്കരിക്കുമോ ? | (ഡി) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുളള മാസചന്ത, ബ്രാന്റിംഗ് പാക്കിംഗ് പ്രവർത്തനങ്ങൾ, സീസണൽ ഫെയറുകൾ, മാർക്കറ്റ് സെന്ററുകൾ, എന്നി സംവിധാനങ്ങൾക്ക് പുറമെ ഡയറക്ട് മാർക്കറ്റിംഗ് ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും, ജനകീയ വിപണന ശൃംഖലാ സംവിധാനം രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കെട്ടിടം അനുവദിക്കുന്ന പ്രദേശങ്ങളിൽ കുടുംബശ്രീയുടെ സ്ഥിരം വിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.കൂടാതെ കുടുംബശ്രീ ഉൽപന്നങ്ങളുടെ ഫലപ്രദമായ മാർക്കറ്റിംഗ് മാനേജ്മെന്റ് പിന്തുണയ്ക്കായി മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവന വിനിയോഗം കാര്യക്ഷമമാക്കുന്നതിനും കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണനത്തിനായി പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

1. സംഘടനാ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
2. തദ്ദേശഭരണ സ്ഥാപനങ്ങളുമായി മെച്ചപ്പെട്ട പ്രവർത്തന ഏകോപനം സാധ്യമാക്കുന്നതിനുള്ള നടപടികൾ
3. മെച്ചപ്പെട്ട നിരീക്ഷണ, വിലയിരുത്തൽ സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
4. സാമ്പത്തിക ഉത്തരവാദിത്വവും, സുതാര്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ
5. സംഘടനാ തലത്തിൽ വിവര വ്യാപനം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ
6. ബാങ്കുകളുമായുള്ള പ്രവർത്തന ഏകോപനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ
7. നൂതനമായ ജീവനോപാധി വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിനും, നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ
8. സാമൂഹ്യ ശാക്തീകരണ പദ്ധതികളുടെ നിർവ്വഹണ ഗുണപരത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
9. പദ്ധതി ഘടകങ്ങളുടെ കുറവുകളും, പോരായ്മകളും പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
10. വിവിധ വകുപ്പുകളുടെ പ്രവർത്തനവുമായുള്ള സംയോജനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ.
11. കുടുംബശ്രീ പ്രവർത്തനങ്ങളിൽ കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യവും, മികവും കൊണ്ടുവരുന്നതിനുള്ള പ്രൊഫഷണൽ പിന്തുണ ലഭ്യമാക്കുന്നതിനുള്ള നടപടികൾ

(signature)

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

## I. സാമ്പത്തിക ശാക്തീകരണ പദ്ധതികൾ

1. ലഘു സമ്പാദ്യ വായ്പാ പദ്ധതി.
2. മാച്ചിംഗ് ഗ്രാന്റ് ,ബാങ്ക് ലിങ്കേജ് വായ്പ
3. പലിശ സബ്സിഡി പദ്ധതി
4. ഭവനശ്രീ പദ്ധതി

## II. സൂക്ഷ്മ സ്വയം തൊഴിൽ വികസന പദ്ധതികൾ

1. സൂക്ഷ്മ സ്വയം തൊഴിൽ പരിപാടി
2. യുവശ്രീ പദ്ധതി
3. ഇന്നവേഷൻ, ടെക്നോളജി ഫണ്ട്
4. റിവോൾവിംഗ് ഫണ്ട്
5. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്
6. യൂണിറ്റുകളുടെ ക്ലസ്റ്ററിംഗും, നെറ്റ് വർക്കിംഗും
7. സാന്ത്വനം പദ്ധതി

## III. പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ

1. സ്പെഷ്യൽ ലൈവിലിഹുഡ് പ്രോഗ്രാം
2. ഉത്തരവാദിത്വ ടൂറിസം
3. സീറോ വേസ്റ്റ് ഡെസ്റ്റിനേഷൻ
4. സമഗ്ര പദ്ധതികൾ

a) നേന്ത്രൻ
b) ഹരിതശ്രീ
c) ക്ഷീരശ്രീ
d) നെടുമ്പന മിനി അപ്പാരൽ പാർക്ക്
e) മധുരം
f) അലങ്കാര മത്സ്യം വളർത്തൽ
g) ക്ഷീരസാഗരം
h) തിരുമധുരം
i) ഹരിതം
j) നിവേദ്യം
k) കൊണ്ടാട്ടം
l) ചെരുപ്പ് അപ്പർ നിർമ്മാണം
m) ആട് ഗ്രാമം
n) സഫലം

5. സംഘകൃഷി (ജെ . എൽ . ജി)

6. മാസചന്ത
7. ഫിനിഷിംഗ് സ്കൂൾ

## IV. സാമൂഹ്യ ശാക്തീകരണ പദ്ധതികൾ

1. ആശ്രയ
2. ബഡ്സ് സ്പെഷ്യൽ സ്കൂൾ
3. ബാലസഭ, ബാലപഞ്ചായത്ത്, ഹോളിസ്റ്റിക്ക് ഹെൽത്ത് പ്രോഗ്രാം
4. സ്ത്രീ പദവി സ്വയം പഠന പ്രവർത്തനങ്ങൾ
5. സോഷ്യൽ ആഡിറ്റിംഗ് പ്രവർത്തനങ്ങൾ
6. പട്ടിക ജാതി / പട്ടിക വർഗ്ഗ വികസനത്തിനുള്ള സ്പെഷ്യൽ പ്രോജക്ട്
7. എൻആർഇജി – എസ്ടി അംഗങ്ങളുടെ അഡ്വാൻസ് വേതന വിതരണം

## V. സംഘടനാ ശാക്തീകരണം/ പരിശീലനപരിപാടികൾ

1. സംഘടനാ ശാക്തീകരണ പരിപാടി
2. വൈദഗ്ദ്ധ്യ വികസന പരിപാടികൾ, ജനറൽ ഓറിയന്റേഷൻ പ്രോഗ്രാം, ഇഡിപി , പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം, ബിസിനസ്സ് കൗൺസിലിംഗ് പ്രോഗ്രാം,
3. സിഡിഎസ് ആക്ഷൻ പ്ലാൻ

## VI. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

1. ആം ആദ്മി ബീമാ യോജന , രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന
2. ഹൈച്ച്എസ്ഡിപി , ബിഎസ്യുപി
3. എൻആർഇജി, എസ്ജെഎസ്ആർവൈ, എസ്ജിഎസ്വൈ പദ്ധതികൾ
4. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, സാമ്പത്തിക ശാക്തീകരണത്തിനും, സ്ത്രീ ശാക്തീകരണത്തിനുമായുള്ള വിവിധ തദ്ദേശ ഭരണതല പ്രോജക്ടുകൾ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 52 08/02/2011-ലെ മറുപടിയ്ക്ക്

# അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. തേറമ്പിൽരാമകൃഷ്ണൻ<br>ശ്രീ.എ.എ.ഷുക്കൂർ<br>ശ്രീ.എം.മുരളി | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് അംഗീകാരം നൽകാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിൽ ഉള്ളത്; | (എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2008 ഡിസംബർ 31വരെ നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങൾ ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ ക്രമവൽക്കരിക്കുന്നതിനായി 21/08/2010-ൽ G.O.(Ms)185/2010/LSGD നമ്പരായി 2010-ലെ കേരളാ കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതു പ്രകാരം സംസ്ഥാനത്ത്31.12.2008-നു മുമ്പ് നടത്തുകയോ, പൂർത്തീകരിക്കുകയോ ചെയ്ത മുനിസിപ്പാലിറ്റി പ്രദേശങ്ങളിലെയും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെയും 'അനധികൃത നിർമ്മാണങ്ങൾ ക്രമ വൽക്കരിക്കുന്നതിനുള്ള പ്ളാനുകൾ, സർട്ടിഫിക്കറ്റുകൾ, അപേക്ഷാ ഫീസിന്റെ രസീത്, മറ്റു വിശദാംശങ്ങൾ എന്നിവ ഉൾപ്പെടെ നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷ അതാതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതും, അദ്ദേഹത്തിന്റെ വിശദമായ പരിശോധനാ റിപ്പോർട്ട് ജില്ലാ ടൗൺ പ്ളാനർ, ചീഫ് ടൗൺ പ്ളാനർ എന്നിവരുടെ സാങ്കേതിക അഭിപ്രായത്തോടെ സർക്കാരിന്റെ പരിഗണനയ്ക്കായി അയക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽഉത്തരവു പുറപ്പെടുവിക്കേണ്ടതുമാണ്. |

| | | | |
|---|---|---|---|
| | | | ക്രമവൽക്കരണത്തിന് പരിഗണിക്കപ്പെടേണ്ടഎല്ലാ നിർമ്മാണ പ്രവർത്തനങ്ങളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383 A വകുപ്പിലേയും, കേരള പഞ്ചായത്ത്രാജിലെ 220 (ബി) വകുപ്പിലേയും വ്യവസ്ഥകളും നഗരാസൂത്രണപദ്ധതികൾ ബാധകമാകുന്ന പക്ഷം അവയിലെ വ്യവസ്ഥകളും പാലിച്ചിരിക്കണം. കൂടാതെ ഇത്തരം നിർമ്മാണങ്ങൾ പുരാവസ്തു സംബന്ധമായ നിയമങ്ങൾ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, തീരദേശ നിയന്ത്രണ നിയമം തുടങ്ങിയവയിലെ വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്. വിവിധ ഏജൻസികളിൽ നിന്നുള്ള കൺകറൻസുകളുംലഭ്യമാക്കിയിരിക്കണം. കൂടാതെ ഹൈറൈസ് കെട്ടിടങ്ങളുടെയും, ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെയും ക്രമവൽക്കരണത്തിന് സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റുകളും നിഷ്കർഷിക്കുന്നുണ്ട്. എഫ്.എ.ആർ, കവറേജ്, ഓപ്പൺ സ്പേസ്, വഴിയുടെ വീതി, പാർക്കിംഗ്, റിക്രിയേഷൻ സ്പേസ്, തുടങ്ങി വിവിധ ചട്ട വ്യവസ്ഥകൾ എത്രത്തോളം വിവിധ നിർമ്മാണങ്ങൾക്ക് ബാധകമാകുമെന്നും പ്രസ്തുത ക്രമവൽക്കരണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. |
| (ബി) | 2000-നുശേഷം ഇത്തരത്തിൽ എത്ര അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | ഇത്തരം കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് എന്തൊക്കെ ശുപാർശകളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം അനധികൃത കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ നിയമഭേദഗതി നടപ്പിലാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | അനധികൃത കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് 2010-ലെ 25, 26 നമ്പറുകളിലുള്ള ഓർഡിനൻസുകൾ മുഖേന കേരള പഞ്ചായത്ത്രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ യഥാക്രമം 235AB, 407 വകുപ്പുകൾക്ക് ഭേദഗതികൾ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 53      8/2/2011 ൽ മറുപടിയ്ക്ക്

## പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

ചോദ്യം      മറുപടി

ശ്രീ. വി. ശശികുമാർ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കെ. ദിവാകരൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും
വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) യും (ബി) യും : പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാൻ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയിൽ വിവിധ കാറ്റഗറികളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 ഫെബ്രുവരി 1-ാം തീയതി വരെ പോലീസ് വകുപ്പിൽ വിവിധ കാറ്റഗറികളിലായി 1008 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. (തസ്തിക തിരിച്ചുള്ള വിശദവിവരം അനുബന്ധം I ൽ ചേർത്തിട്ടുണ്ട്).<br>കൊല്ലം, തൃശൂർ പോലീസ് ജില്ലകളിൽ കമ്മീഷണറേറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിൻെറ ഭാഗമായി ഈ പോലീസ് ജില്ലകൾ വിഭജിച്ച് കൊല്ലം സിറ്റി പോലീസ് യൂണിറ്റ്, കൊല്ലം റൂറൽ പോലീസ് യൂണിറ്റ്, തൃശൂർ സിറ്റി പോലീസ് യൂണിറ്റ്, തൃശൂർ റൂറൽ പോലീസ് യൂണിറ്റ് എന്നിവ അനുവദിച്ച് 5/2/2011 ലെ സ.ഉ. (എം. എസ്) നം. 32/2011/ ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം 265 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവിൻെറ പകർപ്പ് അനുബന്ധം II ൽ ചേർത്തിട്ടുണ്ട്).<br>ഇന്ത്യാ ഗവൺമെന്റിൻെറ മാർഗ്ഗനിർദ്ദേശാനുസരണം സംസ്ഥാനത്ത് ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ സ്ഥാപിക്കുന്നതിനായി 1007 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. (തസ്തിക തിരിച്ചുള്ള വിശദ വിവരം അനുബന്ധം III ൽ ചേർത്തിട്ടുണ്ട്).<br>ട്രെയിനിംഗ് ഉദ്ദേശത്തിനായി ആംഡ് പോലീസ് ബറ്റാലിയനിൽ 9 മാസത്തേക്കായി താൽക്കാലികമായി 673 തസ്തികകൾ 28/5/2010 ലെ സ. ഉ. (എം. എസ്) നം. 119/2010/ആഭ്യന്തരം പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. (തസ്തിക തിരിച്ചുള്ള വിശദ വിവരം അനുബന്ധം III ൽ ചേർത്തിട്ടുണ്ട്). |
| (സി) പോലീസിൽ വനിതാ ബറ്റാലിയൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (സി) വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ (ഇന്റലിജൻസ്) ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി |

| | |
|---|---|
| | രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) പോലീസിൽ വനിതാ എസ്. ഐ. മാരെ നേരിട്ടു നിയമിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ; | (ഡി) 28/5/2009 ലെ സ.ഉ. (പി) നം. 65/2009/ആഭ്യന്തരം പ്രകാരം വനിതാ എസ്. ഐ. മാരെ നേരിട്ട് നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ തസ്തികയിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ ആരംഭിക്കുകയുള്ളൂ. |
| (ഇ) പോലീസ് വകുപ്പിൽ പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഇ) പോലീസുകാർക്ക് കരിയർ പ്ലാനിംഗ് നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ പോലീസുകാരുടെ എണ്ണത്തിന് ആനുപാതികമായി മിനിസ്റ്റീരിയൽ വിഭാഗത്തിന് തസ്തികകൾ സൃഷ്ടിക്കുന്നതിനും വിവിധ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും വേണ്ട നടപടികൾ സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## Details of New Posts created

| | |
|---|---|
| Assistant Director FSL | 7 |
| SP | 3 |
| DySP | 4 |
| ACP | 6 |
| CI | 19 |
| RI | 1 |
| FRRO/SSP | 1 |
| SI | 180 |
| RSI | 8 |
| ADDL.SI | 5 |
| ASI | 29 |
| HC | 99 |
| ARHC | 18 |
| PC | 254 |
| ARPC | 80 |
| DVR PC | 14 |
| CF | 6 |
| MASTER DRIVER | 24 |
| BOAT DRIVER | 25 |
| SYRANG | 24 |
| LASCAR | 25 |
| WPC | 37 |
| SCIENTIFIC ASSISTANT | 12 |
| TECHNICAL ATTENDER | 3 |
| HEAD CLERK | 1 |
| LDC | 2 |
| AA | 1 |
| SB. SENIOR GRADE ASSISTANT | 2 |
| SB. ASSISTANT GRADE I | 4 |
| CA | 3 |
| SB. ASSISTANT GRADE II | 5 |
| PTS | 106 |
| TOTAL | 1008 |

ഭരണഭാഷ‍ II

# GOVERNMENT OF KERALA

## Abstract

Home Department – Establishment – Commissionerate System in Kollam and Thrissur cities – Introduced – Orders issued.

---

**HOME (A) DEPARTMENT**

G.O.(Ms).No.32/2011/Home Dated,Thiruvananthapuram, 05.02.2011

---

Read : Letter No. S1-104612/2009 dated 13.09.2010 and 24.11.2010 from the Director General of Police.

**ORDER**

The Director General of Police in his letter read above has submitted a proposal for the implementation of the Commissionerate System in Kollam and Thrissur cities. According to the proposal, the Police districts of Kollam and Thrissur has to be bifurcated to form Kollam City Police District Headed by a Commissioner of Police with District Head Quarters at Kollam and Kollam Rural Police District headed by a Superintendent of Police with District Head Quarters at Kottarakkara and Thrissur City Police District headed by a Commissioner of Police with District Head Quarters at Ramavarmapuram and Thrissur Rural Police District headed by a Superintendent of Police with District Headquarters in the present DPO Building. For this, Director General of Police has proposed to create 282 posts with an annual financial commitment of ₹.11,31,61,164/- which can be met from the Head of account "2055-Police-109 Dist. Police 99-District Force."

Government have examined the case in detail and are pleased to grant sanction to introduce the Commissionerate System in Kollam and Thrissur cities by bifurcating Kollam and Thrissur Police Districts as Kollam City Police District with Head quarters at Kollam and Kollam Rural Police District with Head quarters at Kottarakara and Thrissur City Police District

..2/-

staff has also will be re-allocated to the new offices. Apart from the above post created, additional requirement if any have to be met by re-allocation of existing staff in commensurate to the reduced work load.

By Order of the Governor
**K . JAYAKUMAR**
Additional Chief Secretary to Govermnent.

To

The Director General of Police,Thiruvananthapurm

The **Accountant General (Audit/A&E), Thiruvananthapuram**
The General Administration (SC) Department
The Finance Department **(vide UO Note No. 10224/Exp.A3/2011 /Fin dated 05.02.2011)**
Stock file/O.C

Forwarded By Order

Section Officer.

അനുബന്ധം III

## Posts created for IR Battalion

| | |
|---|---|
| CMT | 1 |
| DYCMT | 3 |
| DYSP | 7 |
| INSPECTOR | 7 |
| SI | 23 |
| ASI | 16 |
| HC | 160 |
| PC | 675 |
| WATER CARRIER | 15 |
| SWEEPER | 15 |
| DHOBY | 8 |
| COOK | 24 |
| BARBER | 7 |
| HEAD CLERK | 1 |
| CLERK | 5 |
| STENO | 1 |
| MEDICAL OFFICER | 1 |
| PHARMACIST | 2 |
| NURSING ASSISTANT | 1 |
| WIRELESS STAFF | |
| INSPECTOR | 1 |
| SI | 2 |
| HC | 4 |
| PC | 28 |
| TOTAL | 1007 |

## Temporary posts created for Training purpose

| | |
|---|---|
| ASST.CMT | 11 |
| API | 23 |
| APSI | 67 |
| APASI | 22 |
| HVDR | 325 |
| CF | 225 |
| TOTAL | 673 |

ജോയിന്റ് സെക്രട്ടറി

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 54

8-2-2011 ൽ
മറുപടിയ്ക്ക്

### വിദേശടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ:<br>ശ്രീ. ബാബു.എം. പാലിശ്ശേരി:<br>ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. ബി. രാഘവൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| എ) കേരളത്തിലേക്ക് കൂടതൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) കേരളത്തിലേയ്ക്ക് കൂടുതൽ വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് നിരവധി പരിപാടികൾ ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം റോം, ബ്രസൽസ്, ലിയോൺ, മ്യൂനിച്ച്, ആംസ്റ്റർഡാം എന്നീ നഗരങ്ങളിൽ പാർട്ട്നർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. ഇതു കൂടാതെ സ്കാൻഡിനേവിയൻ രാജ്യങ്ങളിലെ പ്രധാനപ്പെട്ട നാലു നഗരങ്ങളിലും ഇംഗ്ളണ്ടിലെ നാലു നഗരങ്ങളിലും റോഡ് ഷോകൾ സംഘടിപ്പിച്ചു. ഈ വർഷവും ഇത്തരം പാർട്ട്നർഷിപ്പ് മീറ്റുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചുവരുന്നു. ഇതിനകം സ്വിറ്റ്സർലൻണ്ടിലെ ജനീവയിലും ആസ്ട്രിയയിലെ വിയന്നയിലും ജർമ്മൻ നഗരങ്ങളായ ഹാംബർഗ്, ഡെസിൽഡോർഫ് എന്നിവിടങ്ങളിലും പാർട്ട്നർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. പാരീസ്, ബാർസലോണ എന്നീ യൂറോപ്യൻ നഗരങ്ങളിൽ 2011 മാർച്ച്-ൽ പാർട്ട്നർഷിപ്പ് മീറ്റുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ പ്രശസ്ത അന്താരാഷ്ട്ര ടൂറിസം മേളകളായ വേൾഡ് ട്രാവൽ മാർട്ട്, പാറ്റാ ട്രാവൽമാർട്ട് ഫിത്തൂർ ഫെയർ എന്നിവയിൽ പങ്കെടുക്കുകയുണ്ടായി. ഇതിനുപുറമെ ITB, TUR, ഗോതൻബർഗ് എന്നീ ഫെയറുകളിലും 2011 മാർച്ചിൽ പങ്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിലുള്ള ടൂറിസ്റ്റുകളുടെ കേരളത്തിലേയ്ക്കുള്ള വരവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇംഗ്ളണ്ടിലെ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ട്.<br>ഇംഗ്ളണ്ടിലെ ചെറുകിട ടൂർ ഓപ്പറേറ്റർമാരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഇൻഡിപെൻഡന്റ് ടൂർ ഓപ്പറേറ്റേഴ്സ് |

(AITO) ന്റെ വാർഷിക പൊതുയോഗം കേരളാടൂറിസവുമായി സഹകരിച്ച് കൊച്ചിയിൽ നടത്തുകയുണ്ടായി. കേരള ടൂറിസത്തിന്റെ ഏറ്റവും വലിയ വിപണിയായ ഇംഗ്ളണ്ടിലെ ഈ സംഘടനയുടെ വാർഷിക പൊതുയോഗം കേരളത്തിൽ കൊണ്ടുവരാൻ കഴിഞ്ഞത് വരും കാലങ്ങളിൽ സംസ്ഥാന ടൂറിസത്തിന് ഇംഗ്ളണ്ടിലെ വിപണിയിൽ സാധ്യത വർദ്ധിപ്പിക്കുന്നു എന്ന കാര്യം തീർച്ചയാണ്.

ബി) കഴിഞ്ഞ വർഷം എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചു; ഈ വർഷം ഇതുവരെ എത്രപേർ സന്ദർശിച്ചുവെന്ന് വെളിപ്പെടുത്തുമോ;

ബി) കഴിഞ്ഞ വർഷം കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറായിട്ടില്ല. ലഭ്യമായ കണക്കുകൾ പ്രകാരം ആറു ലക്ഷത്തിൽപരം വിദേശ സഞ്ചാരികൾ കേരളം സന്ദർശിച്ചതായി കണക്കാക്കുന്നു. ഈ വർഷത്തെ കണക്കുകൾ ശേഖരിച്ചുനൽകുന്നതാണ്.

സി) ടൂറിസം പ്രചാരത്തിനായി എന്തെല്ലാം നൂതന സംരംഭങ്ങൾ ആവിഷ്ക രിച്ചുവെന്ന് വിശദമാക്കുമോ;

സി) അന്താരാഷ്ട്ര തലത്തിൽ പ്രചാരത്തിൽ മുൻപന്തിയിലുള്ള ടൂറിസം മാഗസീനുകളിൽ പരസ്യ പ്രചരണങ്ങൾ നൽകി വരുന്നു. വിദേശ രാജ്യങ്ങൾ സംഘടിപ്പിക്കുന്ന എല്ലാ പ്രധാന ഫെയറുകളിലും കേരളാ ടൂറിസം പങ്കെടുത്ത് പ്രചാരണം നടത്തി വരുന്നു.

വിവരസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ കേരളാ ടൂറിസം മുൻപന്തിയിലാണ്. നിരവധി തവണ ഏറ്റവും മികച്ച വെബ്സൈറ്റിനുള്ള കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും, മറ്റു നിരവധി സ്ഥാപന ങ്ങളുടെയും പുരസ്കാരം നേടിയ കേരളാ ടൂറിസം വെബ്സൈറ്റ് നിലവിൽ എട്ടു ഭാഷകളിൽ തയാറാക്കിയിട്ടുണ്ട്.

കൂടാതെ സഞ്ചാരികൾക്കും ടൂറിസം വ്യവസായ രംഗത്തുള്ളവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന തരത്തിൽ കേരളാ ടൂറിസം വെബ് അധിഷ്ഠിത ഐ.ടി. പദ്ധതികളുടെ ഒരു ശ്രേണി 'ലോഗിൻ ഡോട്ട് ' കേരള ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

എം ഗവേർണൻസിന്റെ സാധ്യതകൾ ടൂറിസം പ്രചരണ രംഗത്ത് പ്രയോജനപ്പെടുത്തുന്നതിലും കേരള ടൂറിസം ശ്രമം നടത്തുകയാണ്. മൊബൈൽ വാപ്പ്സൈറ്റ്, എസ്എംഎസ് തുടങ്ങിയവ ഇവയിൽ ചിലതു മാത്രമാണ്.

ഡി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളെ പ്രധാനമായും ലക്ഷ്യം

ഡി) യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളെ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികളാണ് പ്രധാനമായും

| | | |
|---|---|---|
| | വച്ചുകൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | ആവിഷ്കരിച്ചിട്ടുള്ളത്. സ്കാൻഡിനേവിയൻ രാജ്യങ്ങൾ, ആസ്ട്രിയ തുടങ്ങിയ രാജ്യങ്ങളേയും ലക്ഷ്യമാക്കിയിട്ടുണ്ട്. |
| ഇ) | ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഇ) ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി വിവരസാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടുള്ള നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസ്റ്റുകൾക്ക് തന്റെ താൽപര്യത്തിനനുസരിച്ച് താമസം എളുപ്പത്തിലും നേരത്തേയും നിശ്ചയിക്കുന്നതിനായി ഓൺലൈൻ ഹോട്ടൽ ഫൈൻഡർ, ഓൺലൈൻ റൂം റിസർവേഷൻ എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ കൃത്യമായി നൽകുന്നതിന് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെമ്പാടും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സഞ്ചാരികൾ ചൂഷണം ചെയ്യപ്പെടുന്നത് ഒഴിവാക്കാൻ ഹോം സ്റ്റേ ക്ളാസിഫിക്കേഷൻ, ആയുർവേദ സെന്ററുകൾക്ക് അംഗീകാരം നൽകുന്ന പദ്ധതി, ഹൗസ് ബോട്ട് ക്ളാസിഫിക്കേഷൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ഇങ്ങനെ അംഗീകാരം ലഭിക്കുന്ന യൂണിറ്റുകളെ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പിന്റെ വെബ്സൈറ്റ് വഴി നൽകുന്നതിലൂടെ ഈ രംഗത്തെ ചൂഷണം ഒഴിവാക്കുന്നതിനു കഴിയുന്നു. കൂടാതെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസിനെ സഞ്ചാരികളുടെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ബീച്ചുകളിലും മറ്റു ജലാശയങ്ങളിലും സഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം സീസൺ ആരംഭിക്കുന്നതിന് മുൻപായി വിവിധ വകുപ്പുകളുടെ യോഗം വിളിച്ചുകൂട്ടുകയും ഓരോ വിനോദസഞ്ചാര കേന്ദ്രത്തിലും ഏർപ്പെടുത്തേണ്ടുന്ന സൗകര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും അതനുസരിച്ചുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിലും ശ്രദ്ധ ചെലുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 55 — 8- 2- 2011ൽ മറുപടിക്ക്.

## പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദകേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഇ.എസ്. ബിജി മോൾ<br>ശ്രീ. കെ.അജിത്<br>ശ്രീ. ബാബു പോൾ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം എന്നറിയിക്കുമോ ; | (എ) സംസ്ഥാനത്തെ 43 ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സേവനങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) കുട്ടികളോടുള്ള മോശമായ പെരുമാറ്റം, ബാലവേല എടുപ്പിക്കൽ , പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള പീഡനം എന്നിവ ഇല്ലാതാക്കൽ , സ്ത്രീകൾക്കു വേണ്ടി Victim Support സെല്ലുകൾ രൂപികരിക്കുക, സ്ത്രീകളും കുട്ടികളും ഇരകളായിട്ടുള്ള അക്രമങ്ങളിലെ അന്വേഷണങ്ങൾക്കും പ്രോസിക്യൂഷനും വേണ്ടി കെട്ടിക്കിടക്കുന്ന ഫയലുകൾ പുനഃപരിശോധിച്ച് വേണ്ട നടപടികൾ എടുക്കുക, ഇത്തരം കേസുകളിൽ |

(മറുപുറം)

ഇരയായിട്ടുള്ളവർക്ക് പുനരധിവാസം നൽകുകയും ആവശ്യമായ മാനസിക പിന്തുണയും വൈദ്യ സഹായവും നൽകുക, സ്കൂളുകളിലും കോളേജുകളിലും ജാഗ്രതാ സമിതികൾ രൂപികരിച്ചുകൊണ്ട് പെൺകുട്ടികൾക്ക് ലൈംഗിക ചൂഷണം, മൊബൈൽ ഫോണിന്റെ ദുരുപയോഗം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ ക്ളാസ്സുകൾ നൽകുക, സ്ത്രീകൾക്ക് നിയമ സഹായത്തിനായി വനിതാ അഭിഭാഷക/ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹായം തേടുക , മദ്യപാനം കാരണം ഉണ്ടാകുന്ന കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദഗ്ദ്ധരുടെ സഹായത്തോടെ കൗൺസിലിംഗ് നൽകുക, എന്നീ സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകാൻ ഉദ്ദേശിക്കുന്നത്.

(സി) ഈ കേന്ദ്രങ്ങളുടെ ഘടന എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ ; ഈ കേന്ദ്രങ്ങളിൽ വനിതാ അഭിഭാഷകരുടെ സേവനം ലഭ്യമാക്കുമോ?

(സി) സ്ത്രീ സൗഹൃദ കേന്ദ്രമായി പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ ഉൾപ്പെടുന്ന പ്രദേശത്തെ സർക്കിൾ ഇൻസ്പെക്ടർ, സ്റ്റേഷൻ ഹൗസ് ഓഫീസർ (സബ് ഇൻസ്പെക്ടർ) വനിതാ പോലീസുകാർ, വനിതാ അഭിഭാഷക എന്നിവർ ഉൾപ്പെടുന്നതാണ് ഈ കേന്ദ്രങ്ങളുടെ ഘടന. വനിതാ അഭിഭാഷകയുടെ സേവനം ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

[illegible]

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 56

08.02.2011-ൽ മറുപടിയ്ക്ക്

## തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ജെ. ജേക്കബ് :<br>ശ്രീ. കെ.ടി. ജലീൽ :<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീമതി.കെ.കെ. ലതിക : | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വികസനത്തിനായി ഈ വർഷം എത്ര കോടി രൂപ അനുവദിച്ചു എന്നും അതിൽ ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ; | എ. | തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വികസനത്തിനായി അവരുടെ വാർഷിക പദ്ധതിയിൽ ലഭ്യമാക്കാൻ കഴിയുന്ന തുകയ്ക്ക് ഉപരിയായി 283.66 കോടി രൂപ സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായി 90 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| ബി. റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | ബി. | റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽ നിന്നും പരമാവധി തുക ഈ പദ്ധതിയ്ക്കായി നീക്കി വയ്ക്കേണ്ടതുണ്ട്. കൂടുതൽ തുക ലഭ്യമാക്കുന്നതിനായി പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന തുകയുടെ പരിധി 20 ശതമാനത്തിൽ നിന്ന് 30 ശതമാനമായി വർദ്ധിപ്പിക്കുകയും റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് 20 ശതമാനം തുക റോഡ് വിഹിതത്തിലേയ്ക്ക് വകമാറ്റുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 283.66 കോടി രൂപ അധിക വിഹിതമായി സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| സി. പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി മൊത്തം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ; | സി. | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1,888.272 കി.മി. ദൈർഘ്യം വരുന്ന 742 റോഡുകൾക്ക് (780.94 കോടി രൂപയ്ക്കുള്ള പദ്ധതികൾ) കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചു. 781.088 കി.മി. ദൈർഘ്യം വരുന്ന 376 റോഡുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ കേന്ദ്രഗവൺമെന്റ് അനുവദിച്ച തുകയിൽ 366.36 കോടി രൂപ മാത്രമേ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളൂ. ഇതിൽ 361.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു ലഭിച്ച തുകയുടെ 98.66 ശതമാനമാണ്. |

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന ബഡ്ജറ്റിൽ ശീർഷകം ഉൾക്കൊള്ളിക്കുകയും, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ആകെ 25 കോടി(2009-10 വർഷത്തിൽ 5 കോടി, 2010-11 വർഷത്തിൽ 20 കോടി രൂപയും) വകയിരുത്തിയിട്ടുമുണ്ട്. 2010 മുതൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പരിശീലനം കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.)- യുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ഇൻഫർമാറ്റിക് സെന്ററിന്റെ(എൻ.ഐ.സി.) സഹകരണത്തോടെ പി.എം.ജി.എസ്.വൈ. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും, കരാറുകാർക്കും നൽകിയിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പ്രാവർത്തികമാക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലലഭ്യത, നിലവിലുള്ള റോഡുകളിലുള്ള യൂട്ടിലിറ്റീസ് (ടെലിഫോൺ ലൈനുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, പൈപ്പു ലൈനുകൾ തുടങ്ങിയവ) മാറ്റി സ്ഥാപിക്കേണ്ടി വരുന്നതിനുള്ള കാലതാമസം, 1 മുതൽ 6-ാം ഘട്ടം വരെയുള്ള പ്രവർത്തികൾക്ക് ടെണ്ടർ പ്രീമിയം, ആവശ്യത്തിനുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ കുറവ് എന്നിവ പദ്ധതി നടത്തിപ്പിന് ദോഷകരമായി ബാധിച്ച പ്രധാന ഘടകങ്ങളായിരുന്നു. ഈ തടസ്സങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വേണ്ടി സംസ്ഥാന സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചു. അത്തരം നടപടികളി ലൂടെ പി.എം.ജി.എസ്.വൈ. പദ്ധതികളുടെ പ്രവർത്തനത്തിൽ ഗണ്യമായ പുരോഗതി കൈവരിയ്ക്കാൻ സാധിച്ചു. ഇത്തരത്തിൽ സ്വീകരിച്ചതായ നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| ഡി. | എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നു എന്ന് വ്യക്തമാക്കുമോ ? | ഡി. | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 822.607 കി.മി. ദൈർഘ്യം വരുന്ന 300 റോഡുകളാണ് സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

1. റോഡ് നിർമ്മാണ സാമഗ്രികളുടെ അധികരിച്ച തുക കരാറുകാർക്ക് നല്കുന്നതിന് സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 43/2008 ത.സ്വ.ഭ.വ തീയതി :16/2/2008 പ്രകാരം അനുമതി നല്കിയിട്ടുണ്ട്.

2. പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ റോഡുകളുടെ അറ്റുകുറ്റ പണികൾക്ക് ആവശ്യമായ തുക അനുവദിക്കൽ-(i) 4/11/2008 ലെ ജി.ഒ.(ആർ.റ്റി) നമ്പർ 3875/08/ തസ്വഭവ പ്രകാരം - 164.34 ലക്ഷം രൂപയും (ii) 28-08-2009 ജി.ഒ.(ആർ.റ്റി) നമ്പർ .2239/2009/ത.സ്വ.ഭ.വ - പ്രകാരം 343.148 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്

3. കരാറുറപ്പിക്കാൻ കഴിയാതിരുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി റീടെൻഡർ ചെയ്യുന്നതിനുള്ള അനുമതി-ജി.ഒ (എംഎസ്) 262/2008/ ത.സ്വ.ഭ.വ തീയതി. 29/09/2008 .

4.കോർനെറ്റ് വർക്ക് തയ്യാറാക്കിയതിൽ വന്ന പോരായ്മ പരിഹരിക്കുന്നതിനായി പ്രസ്തുത കോർനെറ്റ് വർക്ക് പരിഷ്ക്ക രിക്കുന്നതിനുള്ള തീരുമാനം-ജി.ഒ. നമ്പർ 66/2008/ത.സ്വ.ഭ.വ തീയതി 7/3/2008.

5.പി.എം.ജി.എസ്.വൈ ഘട്ടം VI, VII വരെയുള്ള പ്രവർത്തികൾ ആവർത്തിച്ച് ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയിട്ടും പ്രതികരണമില്ലാത്ത 134 റോഡ് പ്രവർത്തികൾക്ക് 10 % വരെ ടെണ്ടർ പ്രീമിയം അനുവദിച്ച തീരുമാനം -ജി.ഒ.(എം.എസ്) നമ്പർ-1448/2009 തീയതി 17/06/2009.

6.പി.എം.ജി.എസ്.വൈ ഘട്ടം III മുതൽ VI വരെയുള്ള പ്രവർത്തികൾ ആവർത്തിച്ച് ടെണ്ടർ നടപടികൾക്ക് വിധേയമാക്കിയിട്ടും പ്രതികരണമില്ലാത്ത 74 പ്രവർത്തികൾ വീണ്ടും ടെണ്ടർ ചെയ്യുന്നതിനും അതിന് 15% വരെ ടെണ്ടർ പ്രീമിയം അനുവദിച്ചുള്ള തീരുമാനം-ജി.ഒ. (എം.എസ്) നമ്പർ 2696/2009 തീയതി 20/10/2009.

7.പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ 41 അക്രഡിറ്റഡ് എൻജിനീയർ മാരെയും 14 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരേയും കരാറടി സ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള തീരുമാനം-ജി.ഒ. (എം.എസ്.) നമ്പർ 149/2007/ ത.സ്വ.ഭ.വ തീയതി 5/6/2007

8.എല്ലാ PIUകളിലും ഓരോ സീനിയർ അക്കൗണ്ടന്റുമാരേയും ഓരോ ഡ്രാഫ്റ്റ്സ്മാനേയും കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള തീരുമാനം - ജി.ഒ.(ആർ.റ്റി)നമ്പർ.4077/2008/ത.സ്വ.ഭ.വ തീയതി 20/11/2008

9.PIU വിൽ അക്രെഡിറ്റഡ് എൻജിനീയർമാരുടെ എണ്ണം 56 ആക്കി വർദ്ധിപ്പിച്ചു കൊണ്ടും 90 ഓവർസിയർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന തിനുമുള്ള തീരുമാനം ജി.ഒ.(എം.എസ്.) നമ്പർ 157/2009/ ത.സ്വ.ഭ.വ തീയതി 7/8/2009

10.പദ്ധതി പ്രവർത്തനത്തിൽ ജില്ലാ തലത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നിലവിലുള്ള പ്രജക്റ്റ് മാനേജ്മെന്റ് കമ്മിറ്റി പ്രാപ്തമല്ലാത്തതിനാൽ ജില്ലാതലത്തിൽ ജില്ലകളക്ടറുടെ ചുമതലയിലും മേൽ നോട്ടത്തിലും പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി രൂപികരിച്ചു കൊണ്ടുള്ള തീരുമാനം ജി.ഒ. (എം.എസ്.)നമ്പർ 3059/2009/ത.സ്വ.ഭ.വ തീയതി 18/11/2009.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 57

08.02.2011-ൽ
മറുപടിയ്ക്കു്

# "ശബരിമല മാസ്റ്റർ പ്ലാൻ"

ചോദ്യം
ശ്രീ.എ.കെ. ചന്ദ്രൻ :
ശ്രീ.എൻ. അനിരുദ്ധൻ :
ശ്രീ.കെ.. അജിത് :
ശ്രീ.മാങ്കോട് രാധാകൃഷ്ണൻ :

ഉത്തരം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ എത്ര പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; ഇതിൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) ബാക്കിയുള്ള എത്ര പദ്ധതികൾക്ക് ഇപ്പോൾ മുൻഗണന ലഭിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ;

(എ) & (ബി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ശബരിമല, പമ്പ, നിലയ്ക്കൽ മറ്റ് പ്രദേശങ്ങൾ എന്നിവിടങ്ങളിലായി വിഭാവനം ചെയ്തിട്ടുള്ളത് 50 വർഷക്കാലത്തേയ്ക്കുള്ള നിരവധി പദ്ധതിനിർദ്ദേശങ്ങളാണ്. അവയ്ക്കു കീഴിലുള്ളപ്രവൃത്തികളുടെ എണ്ണം കൃത്യമായി തീരുമാനിച്ചിട്ടില്ല. പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) നിലയ്ക്കൽ വിശ്രമ പന്തൽ
2) 400 ലാട്രിനുകൾ നിർമ്മിച്ചു.
3) കുടിവെള്ള വിതരണ ശൃംഖല ഏർപ്പെടുത്തി.
4) കുടി വെള്ളസംഭരണികൾ നിർമ്മിച്ചു.
5) പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡുകൾ നവീകരിച്ചു.
6) പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചു.
7) താമസസൗകര്യത്തിനായി 3 ബഹുനിലകെട്ടിടങ്ങൾ നിർമ്മിച്ചു.
8) ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 400 Kg./hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു.
9) ഡസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു.
10) പാർക്കിംഗ് ഗ്രൗണ്ടുകൾ നിർമ്മിച്ചു.
11) പള്ളിക്കുളം നവീകരിച്ചു.
12) പമ്പയിൽ വിശ്രമപന്തൽ നിർമ്മിച്ചു.

13) പമ്പയിൽ പുതിയ 400 Kg./hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു.

14) ഖരമാലിന്യങ്ങൾ ശേഖരിച്ചു വേർതിരിക്കുന്നതിനായി ഷെഡ്ഡുകൾ നിർമ്മിച്ചു.

15) അപ്പാച്ചിമേട്ടിലും നീലിമലയിലും താമസ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കാർഡിയോ സെന്ററുകൾ നിർമ്മിച്ചു.

16) പമ്പയിൽ 160 പുതിയ ടോയ്ലെറ്റുകൾ നിർമ്മിച്ചു.

17) അപ്പാച്ചിമേട്ടിൽ പുതിയ വിശ്രമസങ്കേതം നിർമ്മിച്ചു.

18) അപ്പാച്ചിമേടു ഭാഗത്ത് കുത്തനെയുള്ള കയറ്റം ലഘൂകരിച്ച് പാത വീതി കൂട്ടി ബാരിക്കേടുകൾ നിർമ്മിച്ചു.

19) പരമ്പരാഗത പാതയിൽ ലാട്രിൻ ബ്ലോക്കുകൾ, സ്വാമിഅയ്യപ്പൻ റോഡിൽ യൂറിനലുകൾ നിർമ്മിച്ചു.

20) ചന്ദ്രാനന്ദൻ റോഡ് 7 മീറ്റർ വീതി കൂട്ടി സംരക്ഷണ ഭിത്തി കെട്ടി.

21) അപ്പാച്ചിമേട്-നീലിമല ഭാഗത്ത് 4 സ്ഥലങ്ങളിൽ കാനനപാതയുടെ മുകളിൽ മേൽക്കൂര നിർമ്മിച്ചു.

22) ശബരിമലയിൽ 320 ലാട്രിനുകളും 80 ബാത്ത് റൂമുകളും നിർമ്മിച്ചു.

23) ശബരിമലയിൽ 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള 2 വാട്ടർ ടാങ്കുകൾ നിർമ്മിച്ചു.

24) സന്നിധാനത്തു നിന്നും മാളികപ്പുറത്തേയ്ക്കുള്ള ഫ്ലൈ ഓവറിനു മുകളിൽ മേൽക്കൂര നിർമ്മിച്ചു.

സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, നിലയ്ക്കൽ ശബരിഭവനുകളുടെ നിർമ്മാണം, പ്രസാദം കോംപ്ലക്സ്, ക്യൂ കോംപ്ലക്സ്, റോപ്പ്‌വേ, നിലയ്ക്കൽ പാർക്കിംഗ് ഏര്യ, അന്നദാനമണ്ഡപം, നിലയ്ക്കൽ ചെക്ക് ഡാം, നിലയ്ക്കൽ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, പമ്പയിൽ സർവ്വീസ് റോഡ്, നടപ്പാതയുടെ മേൽക്കൂര, നിലയ്ക്കലിൽ കുടിവെള്ള സംഭരണ ടാങ്ക് എന്നീ നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ചെയ്യാനുദ്ദേശിക്കുന്നവയാണ്. നിലയ്ക്കലിൽ പാർക്കിംഗ് ഏര്യ വിപുലീകരണം, ഉൾ റോഡുകളുടെ നിർമ്മാണം, കെ.എസ്.ആർ.

ടി.സി ബസ് ടെർമിനൽ, വാട്ടർ റിസർവോയർ എന്നീ പ്രവൃത്തികൾ സീസണിനുമുമ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ശബരിമലയിൽ വലിയ നടപ്പന്തലിന്റെ പുനഃനിർമ്മാണം, താഴെ തിരുമുറ്റം വിപുലീകരണം, പ്രസാദ കോംപ്ലക്സ് പുനർവിന്യാസം, ചന്ദ്രാനന്ദൻ റോഡിലേക്കുള്ള പാലത്തിന്റെ നിർമ്മാണം എന്നിവ സീസണിനു മുമ്പ് ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത മാസ്റ്റർ പ്ലാൻ പൂർണ്ണമായി നടപ്പാക്കുന്നതിന് എത്ര കാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

(സി) 2050-ാം മാണ്ടോടുകൂടി പൂർത്തിയാക്കാൻ കഴിയുന്ന ദീർഘകാല പദ്ധതി നിർദ്ദേശങ്ങളാണ് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്.

Sulathan
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 58 — 08-02-2011-ൽ മറുപടിക്ക്

### തെരുവു നായ്ക്കളുടെ ശല്യത്തിന് പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി.<br>ശ്രീ.വി.കെ.ഇബ്രാഹീം കുഞ്ഞ്.<br>ശ്രീ.യു.സി.രാമൻ.<br>ശ്രീ.കെ.കുട്ടി അഹമ്മദ്കുട്ടി. | ശ്രീ.പാലൊളി മുഹമ്മദ്കുട്ടി (ബഹു.തദ്ദേശ സ്വയം ഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പരിഹാര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ; | (ബി) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും, പേവിഷബാധയ്ക്ക് കുത്തിവയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബീസ് പ്രോഗ്രാം നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്ന പ്രസ്തുത പ്രോഗ്രാമിന്, ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായം |

| | | | |
|---|---|---|---|
| | | | ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗ സംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | നിരവധി വിദേശികൾ ഉൾപ്പെടെയുള്ള വിനോദ സഞ്ചാരികൾക്ക് നായകളുടെ കടിയേറ്റ സാഹചര്യത്തിൽ സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയ്ക്ക് തിരിച്ചടിയുണ്ടാവുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഒറ്റപ്പെട്ട സംഭവങ്ങൾ വിനോദ സഞ്ചാര മേഖലയെ ബാധിക്കുമെന്ന് കരുതുന്നില്ല. |
| (ഡി) | തെരുവ് നായ്ക്കളുടെ കടിയേൽക്കുന്നവർക്ക് ചികിത്സയ്ക്ക് വേണ്ട സഹായം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ; | (ഡി) | പേവിഷബാധ ബാധിതർക്കാവശ്യമായ ഐ.ഡി.ആർ.വി/എ.ആർ.വി. മരുന്നുകൾ ആരോഗ്യ വകുപ്പ് മുഖേന സർക്കാർ സൗജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |
| (ഇ) | ആശുപത്രികളിൽ അത്തരക്കാർക്ക് സൗജന്യ ചികിത്സയും പേവിഷബാധയ്ക്കെതിരെ കുത്തിവയ്പും നല്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | |

സെക്ഷൻ ഓഫീസർ.

— —

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 59

08.02.2011-ൽ
മറുപടിയ്ക്ക്

## "തീർത്ഥാടന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി"

ചോദ്യം

ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ.സി. രാജഗോപാലൻ :
പ്രൊഫ.സി.രവീന്ദ്രനാഥ് :
ശ്രീ. ആർ. സെൽവരാജ് :

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് ടൂറിസം വകുപ്പുമായി സഹകരിച്ച് തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എ) കൊച്ചി ദേവസ്വം ബോർഡിന്റെ ഭരണപരിധിയിൽ വരുന്ന പ്രധാന ക്ഷേത്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മാടായി ശ്രീ തിരുവർക്കാട്ടുകാവ്, വയനാട് ജില്ലയിലെ വള്ളിയൂർക്കാവ് എന്നിവിടങ്ങളിൽ ടൂറിസം വകുപ്പുമായി ചേർന്ന് പിൽഗ്രിം ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. കണ്ണൂർ പിൽഗ്രിം പ്രോജക്ടിൽ ഉൾപ്പെടുത്തി ശ്രീ കൊട്ടിയൂർ ദേവസ്വത്തിൽ സ്നാന ഘട്ടവും ഡോർമിറ്ററി സൗകര്യത്തോടു കൂടിയ കെട്ടിടവും നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ശ്രീ ലോകനാർക്കാവ് ദേവസ്വത്തിൽ പിൽഗ്രിമേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി ഒരു ഫെസിലിറ്റേഷൻ സെന്റർ, കളരി, താമസസൗ കര്യം, ഹാൾ എന്നിവ നിർമ്മിക്കുന്നതിനായി ഒന്നേകാൽ കോടി രൂപയുടെ ഒരു പദ്ധതി ടൂറിസം വകുപ്പ് നേരിട്ട് നടത്തിവരുന്നു.

കൂടൽമാണിക്യം ദേവസ്വത്തിൽ ശ്രീരാമ ക്ഷേത്രമായ തൃപ്രയാർ, ഭരതക്ഷേത്രമായ കൂടൽ മാണിക്യം, ലക്ഷ്മണ ക്ഷേത്രമായ മൂഴിക്കുളം, ശത്രുഘ്ന ക്ഷേത്രമായ പായമ്മൽ എന്നീ ക്ഷേത്രങ്ങളിൽ നടത്തുന്ന നാലമ്പല ദർശനവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമായി ചേർന്ന് ഒരു പദ്ധതിക്ക് പ്രോജക്ട് റിപ്പോർട്ട്

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br>തിരുവിതാംകൂർ ദേവസ്വം ബോർഡ് ടൂറിസം വകുപ്പുമായി ചേർന്ന് ഉണ്ടാക്കുന്നതിലൊരു പദ്ധതിയുടെ പ്രാഥമിക ആലോചനയിലാണ്.<br>തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് 08.09.2010 ൽ അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ വിവിധ ദേവസ്വം ബോർഡുകൾ മുൻഗണന നൽകേണ്ട പ്രോജക്ടുകളെക്കുറിച്ച് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.<br>ഗുരുവായൂർ ദേവസ്വം ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. |
| (ബി) | തീർത്ഥാടന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ബോർഡിന്റെ കീഴിലുള്ള 26 ക്ഷേത്രങ്ങൾ ഇടത്താവളമായി പ്രഖ്യാപിച്ച് ഭക്തജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.<br>കൊച്ചി ദേവസ്വം ബോർഡ് അതിന്റെ കീഴിലുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിവരുന്നുണ്ടെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br>മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ ഓരോ പ്രത്യേക യൂണിറ്റുകളായതിനാൽ ക്ഷേത്രങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നത് അതാത് ദേവസ്വങ്ങൾ തന്നെയാണ്. ബോർഡിന്റെ കിഴിൽവരുന്ന പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ക്ഷേത്ര ഭരണാധികാരികൾ തന്നെ നടത്തിവരുന്നുണ്ട്.<br>ഗുരുവായൂർ ദേവസ്വത്തിൽ കംഫർട്ട് സ്റ്റേഷൻ, കുടിവെള്ളം, വെളിച്ചം, പാതകൾ, നടപ്പന്തൽ, വിശ്രമസ്ഥലം, ക്യാന്റീൻ, താമസസൗകര്യം, ക്യൂ നിൽക്കാനുള്ള സൗകര്യം എന്നിവ ദേവസ്വം തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.<br>കൂടൽമാണിക്യം ദേവസ്വം തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു പിൽഗ്രിം സെന്റർ |

നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ദേവസ്വത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചമല്ലാത്തതിനാൽ ഇക്കാര്യം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

| | | | |
|---|---|---|---|
| (സി) | അകലെ നിന്നും എത്തുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട താമസ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ പലയിടത്തും പരിമിതമായ താമസസൗകര്യമേ ഏർപ്പെടുത്തിയിട്ടുള്ളൂ. സ്ഥല ലഭ്യതയും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ഇത് വിപുലപ്പെടുത്തുന്നതാണെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡിനു കീഴിൽ ചോറ്റാനിക്കര ക്ഷേത്രത്തിൽ 100 മുറികളോടു കൂടിയ സത്രവും, ലോഡ്ജ് മുറികളും പണികഴിപ്പിച്ചിട്ടുണ്ട്. കൂടുതൽ ലോഡ്ജ് മുറികളുടെ നിർമ്മാണം നടന്നുവരുന്നു. കൊടുങ്ങല്ലൂർ ശ്രീകുരുംബാ ഭഗവതി ക്ഷേത്രത്തിൽ 27 മുറികളും, തൃപ്പയാർ ക്ഷേത്രത്തിൽ 8 മുറികളും തിരുവില്വാമല ക്ഷേത്രത്തിൽ 10 മുറികളും ഭക്തജനങ്ങളുടെ സൗകര്യാർത്ഥം ഒരുക്കിയിട്ടുണ്ട്.<br><br>മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രധാനക്ഷേത്രങ്ങളായ ശ്രീകാടാമ്പുഴ ഭഗവതി ക്ഷേത്രം, ശ്രീ മമ്മിയൂർ ദേവസ്വം, ശ്രീ തിരുനെല്ലി ദേവസ്വം, ശ്രീ തിരുമാന്ധാംകുന്ന് ഭഗവതി ദേവസ്വം, ശ്രീ ടി.ടി.കെ ദേവസ്വം, മധുർ ശ്രീമദനന്തേശ്വര വിനായക ക്ഷേത്രം, ശ്രീ തിരുവങ്ങാട് ദേവസ്വം, ശ്രീ കൊട്ടിയൂർ ദേവസ്വം, പറശ്ശിനിക്കടവ് ശ്രീ മുത്തപ്പൻ ക്ഷേത്രം, ശ്രീ തിരുനാവായ ക്ഷേത്രം എന്നിവിടങ്ങളിൽ പരിമിതമായ രീതിയിൽ ദേവസ്വം വക ഗസ്റ്റ് ഹൗസുകൾ പ്രർത്തിച്ചു വരുന്നുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.<br><br>ഗുരുവായൂരിൽ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം 3 ഗസ്റ്റ് ഹൗസുകൾ ദേവസ്വത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.<br><br>കൂടൽമാണിക്യം ദേവസ്വത്തിൽ ഇപ്പോൾ ഭക്തജനങ്ങൾക്ക് താമസസൗകര്യം ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 08.09.2010 ന് അദ്ദേഹത്തിന്റെ ചേമ്പറിൽ വച്ച് വിവിധ ദേവസ്വം വിഷയങ്ങളുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത യോഗത്തിന്റെ നടപടിക്കുറിപ്പ്

==============================

യോഗം ഉച്ചകഴിഞ്ഞ് 2.45 ന് ആരംഭിച്ചു. സർക്കാർ കത്തുകളിലെ നിർദ്ദേശങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിൽ ദേവസ്വങ്ങൾ കൂടുതൽ ശ്രദ്ധിക്കണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി അറിയിച്ചു.

തീർത്ഥാടന ടൂറിസം, വൃക്ഷവൽക്കരണം, കുളം നവീകരണം എന്നിവ സംബന്ധിച്ച് വ്യക്തമായ നടപടികൾ വേണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. ദേവസ്വം ഭൂമികളിലെ വൃക്ഷവൽക്കരണത്തിനായി പ്രാദേശിക വനം ഓഫീസുകളിൽ നിന്നും ക്ഷേത്രങ്ങൾ വൃക്ഷ തൈകൾ വാങ്ങണമെന്ന് ബഹു. വനം വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23.03.2010 നു ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ വ്യക്തമായ പദ്ധതികളൊന്നും ദേവസ്വങ്ങൾ നടപ്പാക്കിയിട്ടില്ല എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി.

തുടർന്ന് വിവിധ വിഷയങ്ങളിൽ താഴെ പറയുംവിധം തീരുമാനങ്ങളെടുത്തു.

### <u>വൃക്ഷവൽക്കരണം</u>

എല്ലാ ദേവസ്വം ഭൂമികളിലും കൂടി ഒരു ലക്ഷം വൃക്ഷതൈകൾ താഴെപറയുംവിധം നട്ടുപിടിപ്പിക്കണം.

| | | |
|---|---|---|
| മലബാർ ദേവസ്വം ബോർഡ് | – | 40000 |
| തിരുവിതാംകൂർ ദേവസ്വം ബോർഡ് | – | 40000 |
| കൊച്ചി ദേവസ്വം ബോർഡ് | – | 15000 |
| ഗുരുവായൂർ ദേവസ്വം | – | 4000 |
| കൂടൽമാണിക്യം ദേവസ്വം | – | 1000 |

വനംവകുപ്പ് ഓഫീസുകളിൽ നിന്നും വൃക്ഷതൈകൾ ശേഖരിച്ച്, അവ ഏതെല്ലാം ക്ഷേത്രങ്ങളിൽ കൊടുക്കണമെന്ന് അതാത് ദേവസ്വം ബോർഡുകൾ/ ദേവസ്വങ്ങൾ ഒരു ലിസ്റ്റ് തയ്യാറാക്കണം. ഇക്കാര്യത്തിൽ ബന്ധപ്പെടേണ്ട വനം വകുപ്പുദ്യോഗസ്ഥരുടെ വിവരം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നും അറിയേണ്ടതാണ്. അതാത് ദേവസ്വം കമ്മീഷണർമാർ ഈ സംരംഭം കോ–ഓർഡിനേറ്റ് ചെയ്ത് മേൽനോട്ടം വഹിക്കണം. വൃക്ഷതൈകൾ നടാനുള്ള പണം ദേവസ്വങ്ങൾ/ ബോർഡുകൾ സ്വയം കണ്ടെത്തുകയും, നിലവിൽ സീസൺ കഴിഞ്ഞിട്ടുള്ളതിനാൽ വൃക്ഷതൈകൾക്ക് ജലലഭ്യത, പരിചരണം എന്നിവ ഉറപ്പുവരുത്തുകയും വേണം. ദേവസ്വം വകുപ്പ് ഇക്കാര്യങ്ങൾ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ അറിയിച്ച് ബന്ധപ്പെട്ട പ്രാദേശിക ഉദ്യോഗസ്ഥരുടെ വിവരം കമ്മീഷണർമാരെ തെര്യപ്പെടുത്തണം.

### <u>തീർത്ഥാടന ടൂറിസം</u>

തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ഓരോ ദേവസ്വം ബോർഡും/ ദേവസ്വവും അതാത് ദേവസ്വങ്ങളുടെ കീഴിൽ തീർത്ഥാടന പ്രാധാന്യമുള്ളതും അടുത്തടുത്തു സ്ഥിതി ചെയ്യുന്നതുമായ കുറച്ചു ക്ഷേത്രങ്ങളുടെ ഒന്നോ ഒന്നിലധികമോ സർക്യൂട്ടുകൾ കണ്ടെത്തി പ്രോജക്ട് തയ്യാറാക്കണം.

കൂടൽമാണിക്യം ദേവസ്വം കർക്കിടക മാസത്തിലെ നാലമ്പല ദർശനവുമായി ബന്ധപ്പെടുത്തി ഒരു സർക്യൂട്ട് രൂപീകരിച്ച് പ്രോജക്ട് തയ്യാറാക്കണം

തിരുവിതാംകൂർ ദേവസ്വം ബോർഡ് വിവിധ പ്രധാന ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് അഞ്ചു സർക്യൂട്ടുകൾ രൂപീകരിച്ച് പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കണം. ചെങ്ങന്നൂർ, പന്തളം, ആറന്മുള, എരുമേലി തുടങ്ങിയവയും അനുബന്ധ ക്ഷേത്രങ്ങളും ചേർന്ന് ഒരു സർക്യൂട്ട്, കുളത്തുപ്പുഴ–ആര്യങ്കാവ്, അച്ചൻകോവിൽ തുടങ്ങിയ ശാസ്താ ക്ഷേത്രങ്ങൾ എന്നിവ ചേർന്ന് ഒരു സർക്യൂട്ട്, വൈക്കം–ഏറ്റുമാനൂർ–കടുത്തുരുത്തി സമീപത്തെ പ്രധാന ക്ഷേത്രങ്ങൾ എന്നിവ ചേർന്ന ഒരു സർക്യൂട്ട്, ഓച്ചിറ–ഹരിപ്പാട്–ചെട്ടികുളങ്ങര മറ്റ് പ്രധാന സമീപ ക്ഷേത്രങ്ങൾ എന്നിവയുടെ ഒരു സർക്യൂട്ട്, തിരവനന്തപുരത്തെ പ്രധാന ക്ഷേത്രങ്ങൾ ഉൾപ്പെട്ട ഒരു സർക്യൂട്ട് എന്നിവ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന് പരിഗണിക്കാവുന്നതാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

— — —

മമ്മിയൂർ കാടാമ്പുഴ, തിരുമാന്ധാംകുന്ന്, പറശ്ശിനിക്കടവ്, കൊട്ടിയൂർ, പിഷാരിക്കാവ് ആലത്തിയൂർ, അഴകൊടി, വളയനാട് തുടങ്ങിയ പ്രമുഖ മലബാർ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് വിവിധ ക്ഷേത്രങ്ങൾ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് നാലോ അഞ്ചോ സർക്യൂട്ടുകൾ രൂപീകരിച്ച് പ്രോജക്ട് സമർപ്പിക്കണം.

ചോറ്റാനിക്കര–പൂർണ്ണത്രയീശ–കൊടുങ്ങല്ലൂർ–പറവൂർ–തൃപ്പൂണിത്തുറ എന്നീ ക്ഷേത്രങ്ങൾ ബന്ധപ്പെടുത്തി കൊച്ചി ദേവസ്വം ബോർഡ് ഒരു സർക്യൂട്ട് ഉണ്ടാക്കി പ്രോജക്ട് തയ്യാറാക്കണം.

മേൽപ്പറഞ്ഞ വിധം ദേവസ്വം ബോർഡുകൾ/ ദേവസ്വങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ, ഓരോ സർക്യൂട്ടിലെയും ക്ഷേത്രങ്ങളുടെ പ്രാധാന്യം, അവിടെ സീസണിൽ എത്തിച്ചേരുന്ന തീർത്ഥാടകരുടെ എണ്ണം, ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങളുടെ ലഭ്യതയും പരിമിതിയും, സാധാരണ തീർത്ഥാടനത്തിനായി എത്ര പേർ വരുന്നു, ഇനി എത്രപേരെ ഉൾക്കൊള്ളിക്കാനാകും തുടങ്ങിയ കാര്യങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

<u>ദേവസ്വം കുളങ്ങളുടെ നവീകരണം</u>

കുളങ്ങളുടെ നവീകരണം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് അതാത് ദേവസ്വം ബോർഡുകൾ/ ദേവസ്വങ്ങൾ അവയുടെ കീഴിലുള്ള കുളങ്ങൾ പുനരുദ്ധരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഓരോ ദേവസ്വം ബോർഡിന്റെ/ ദേവസ്വത്തിന്റെ 10 കുളങ്ങളെങ്കിലും ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കണം. ദേശീയ തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി (NREGS) ഇക്കാര്യം നടപ്പിൽ വരുത്താൻ അതാത് ജില്ലാ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ്/ ദേവസ്വങ്ങൾ നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

<u>പി.എസ്.സി ക്കു വിട്ട നിയമനങ്ങൾ സംബന്ധിച്ച റിക്രൂട്ട്മെന്റ് ചട്ടങ്ങളുടെ രൂപീകരണം</u>

തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലെ ഭരണവിഭാഗം ജീവനക്കാരുടെ പി.എസ്.സി നിയമനത്തിനു വേണ്ട റിക്രൂട്ട്മെന്റ് ചട്ടങ്ങൾ തയ്യാറാക്കാൻ ദേവസ്വം ബോർഡുകൾ നടപടികൾ ത്വരിതപ്പെടുത്തണം. (തിരുവിതാംകൂർ ദേവസ്വം ബോർഡ് കരട് റിക്രൂട്ട്മെന്റ് ചട്ടങ്ങൾ 24.06.2010 ന് പി.എസ്.സി ക്ക് അയച്ചു കൊടുത്തിട്ടുള്ളതായി കമ്മീഷണർ അറിയിച്ചു)

കൊച്ചി ദേവസ്വം ബോർഡ് അടുത്ത മാസം അവസാനത്തോടെ പി.എസ്.സിക്ക് കരട് റിക്രൂട്ട്മെന്റ് ചട്ടങ്ങൾ തയ്യാറാക്കി അയയ്ക്കേണ്ടതാണ്.

ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിലെ ഭരണവിഭാഗം തസ്തികകളുടെ നിയമനങ്ങൾ പി.എസ്.സി മുഖേനയാക്കുന്നതിനുള്ള നിയമഭേദഗതി ബില്ലുകൾ, മലബാർ ദേവസ്വം ബോർഡ് ഭരണവിഭാഗം തസ്തികകളുടെ നിയമനങ്ങൾ പി.എസ്.സി യെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള നിയമത്തിന്റെ ബിൽ എന്നിവയുടെ നിജസ്ഥിതി ദേവസ്വം വകുപ്പ് നിയമസഭയോട് ആരായണം.

മേൽപ്പറഞ്ഞ തീരുമാനങ്ങളെല്ലാം പ്രത്യേക ശ്രദ്ധയോടെ ദേവസ്വം ബോർഡുകൾ/ ദേവസ്വങ്ങൾ നടപ്പിലാക്കേണ്ടതാണ് എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. യോഗം 3.30 ന് അവസാനിച്ചു.

<u>*പങ്കെടുത്തവർ*</u>

കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
കമ്മീഷണർ, കൊച്ചി ദേവസ്വം ബോർഡ്
കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്
അഡ്മിനിസ്ട്രേറ്റർ, കൂടൽമാണിക്യം ദേവസ്വം
ജോയിന്റ് സെക്രട്ടറി, റവന്യൂ (ദേവസ്വം വകുപ്പ്)

Sulathaan
Section Officer

9/ ദേവസ്വം - 12 10 8

## IDATHAVALAMS

In order to provide facilities to the pilgrims 'Idathavalams'(rest sheds) have been started in the following temples. Basic amenities required to pilgrims are available in the Idathavalams at the following shrines.

| Sl.No. | Group | Devaswom |
|---|---|---|
| 1. | Ulloor | OTC Hanuman Temple |
| 2. | Kottarakara | P D Manikanteswaram |
| 3. | Punalur | Aryankavu |
| 4. | Karunagapally | 1. Padanayarkulangara 2. Sasthamcotta |
| | | 3. Pallikkal |
| 5. | Ambalapuzha | 1. Ambalapuzha |
| | | 2. Thakazhy |
| 6. | Aranmula | 1. Chengannur Mahadeva Temple |
| | | 2. Omalloor Rakthakanteswara Temple |
| | | 3. Pandalam Valiya Koikal Temple. |
| | | 4. Ayiroor Puthiyakavu Temple |
| | | 5. Ranni Perinad Temple |
| | | 6. Uzhavathu Temple |
| | | 7. Vadasserikkara Mahavishnu Temple |
| 7. | Kottayam | 1. Thirunakkara Temple 2. Thaliyil Temple |
| 8. | Ettumanur | Ettumanur |
| 9. | Vaikom | 1. Vaikom Mahadeva Temple. |
| | | 2. Udayamperur Temple 3. Thuravur Temple |
| 10. | Thrikariyur | 1. Keezhillam 2. Perumbavur |
| | | 3. Arakkulam |
| 11. | Parur | 1. Aluva Mahadevar 2. Aluva Sreekrishna Swamy |

Sulathasan
Section Officer

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : T 60

08.02.2011-ൽ
മറുപടിയ്ക്കു്

## "ശബരിമല സന്നിധാനത്തും പമ്പയിലും തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി പദ്ധതികൾ"

ചോദ്യം
ശ്രീ.ടി.എൻ. പ്രതാപൻ :
ശ്രീ.എം. മുരളി :

<u>ഉത്തരം</u>
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
ബഹുമാനപ്പെട്ട ദേവസ്വവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ശബരിമല സന്നിധാനത്തും പമ്പയിലും മറ്റ് തിരക്കുള്ള സ്ഥലങ്ങളിലും തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എന്തൊക്കെ കാര്യങ്ങളാണ് അടിയന്തിരമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എ) ശബരിമല ദുരന്തത്തിന്റെകൂടി പശ്ചാത്തലത്തിൽ തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കാൻ കാര്യക്ഷമമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നതു സംബന്ധിച്ച കാര്യങ്ങൾ സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു. അതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു യോഗത്തിൽ വനം, പോലീസ് തുടങ്ങി വിവിധ വകുപ്പുകൾ ചേർന്ന് ചന്ദ്രശേഖര മേനോൻ കമ്മീഷൻ റിപ്പോർട്ടിലെയും ശബരിമല മാസ്റ്റർ പ്ലാനിലെയും കാതലായ നിർദ്ദേശങ്ങൾ പഠിച്ച് ഒരു സമന്വയാഭിപ്രായം രൂപീകരിക്കാനും അതിന്റെ വെളിച്ചത്തിൽ മറ്റൊരു യോഗം വൈകാതെ കൂടാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ശബരിമല മാസ്റ്റർ പ്ലാനിൽ പറയുന്ന വികസന പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ ഹൈപവർ കമ്മിറ്റിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുൽമേട്ടിൽ സംഭവിച്ചതുപോലുള്ള ദുരന്തങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിന് ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നുവോ?

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ബി) & (സി) ഇല്ല. പുൽമേടു ദുരന്തം സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്തു ഭാവി നടപടികൾ സ്വീകരിക്കണമെന്നതടക്കമുള്ള കാര്യങ്ങൾക്കു് ടി കമ്മീഷന്റെ ശുപാർശകൾ കൂടി കണക്കിലെടുക്കേണ്ടത് ആവശ്യമാണ്.

Sulathan

സെക്ഷൻ ഓഫീസർ